# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെന്മാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി-(പി 18)1660/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി-(പി 18)1660/23 തീയ്യതി: 28/11/2023

## പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2023 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 06-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2023 | 06-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ, ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഹിഷാം.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ആതിര.എച്ച്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.പ്രബിത ജയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാധാകൃഷ്ണൻ.ആർ. | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീ.ഷാജി.ജെ | സെക്രട്ടറി | 08-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുബൈദ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.ആതിര പ്രകാശ് | വെറ്ററിനറി സർജൻ | 01-04-2022 | 08-04-2022 |
| ഡോ.സൂസൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 09-04-2022 | 19-06-2022 |
| ഡോ.ജോസ്ലൈൻ നവ്യ.ജി. | വെറ്ററിനറി സർജൻ | 20-06-2022 | 16-02-2023 |
| ഡോ.അർഗാന അജയ്,കെ, | വെറ്ററിനറി സർജൻ | 17-02-2023 | 20-02-2023 |
| ഡോ.സൂസൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 21-02-2023 | 31-03-2023 |
| ഡോ.കതൃഷ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 10-05-2022 |
| ഡോ.അനീഷ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 11-05-2022 | 31-03-2023 |
| ശ്രീ.ഫാസിൽ.പി.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റൂബി സേവ്യർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സിഞ്ജു | മെഡിക്കൽ ഓഫീസർ,(ISM) | 01-04-2022 | 31-03-2023 |
| ഡോ.ജയന്ത്.വി.ആർ. | സൂപ്രണ്ട്, സി.എച്ച്.സി. നെന്മാറ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിസ്ന.എ.കെ. | അസി.എഞ്ചിനിയർ | 01-04-2022 | 04-09-2022 |
| ശ്രീമതി.ഷബീന | അസി.എഞ്ചിനിയർ | 05-09-2022 | 31-03-2023 |
| ശ്രീ.കൃഷ്ണകുമാർ.ആർ. | വി.ഇ.ഒ.-സർക്കിൾ- 1 | 01-04-2022 | 03-08-2022 |
| ശ്രീ.ഷൈജു.സി. | വി.ഇ.ഒ.-സർക്കിൾ- 1 | 04-08-2022 | 07-08-2022 |
| ശ്രീമതി.രഞ്ജിഷ.കെ. | വി.ഇ.ഒ.-സർക്കിൾ- 1 | 08-08-2022 | 31-03-2023 |
| ശ്രീ.ഷൈജു.സി. | വി.ഇ.ഒ.-സർക്കിൾ- 2 | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രിൻസി.എ. | കൃഷി ഓഫീസർ | 01-04-2022 | 29-09-2022 |

| | | | |
|---|---|---|---|
| ശ്രീ.മോഹനരാജൻ.ആർ. | കൃഷി ഓഫീസർ(ചാർജ്) | 30-09-2022 | 30-10-2022 |
| ശ്രീ.അജിത്.എം | കൃഷി ഓഫീസർ | 31-10-2022 | 31-03-2023 |
| ശ്രീ.ലജിത്.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 07-05-2022 |
| ശ്രീമതി.ജീജ ആൽബർട്ട് | അസിസ്റ്റന്റ് സെക്രട്ടറി | 08-05-2022 | 30-06-2022 |
| ശ്രീ.പ്രസന്നകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2022 | 20-09-2022 |
| ശ്രീമതി.ജീജ ആൽബർട്ട് | അസിസ്റ്റന്റ് സെക്രട്ടറി | 21-09-2022 | 20-10-2022 |
| ശ്രീ.രമേഷ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റീകൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-1 |
| 3 | PFMS- വഴി നൽകുന്ന തുകകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ചുറപ്പാക്കിയിട്ടില്ല | 1-1-2 |
| 4 | കാലാവധി കഴിഞ്ഞതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ Stale Cheque അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ & അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | NREGS- തൻവർഷത്തേതല്ലാത്ത പലിശ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപെൻഷനുകൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | വസ്തു നികുതി അവലോകനം | 1-11 |
| 20 | രശീതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-12 |
| 21 | പെർമിറ്റ് ഫീ - അധികം ഈടാക്കി | 1-13 |
| 22 | വാടക വരവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 23 | ബസ് സ്റ്റാന്റ്- ലേലം | 1-14-1 |
| 24 | ഓഡിറ്റോറിയം ,മൈതാനം, മുഖമണ്ഡപം വാടക വരവ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല | 1-14-2 |
| 25 | വാടക രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ വാടകവരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-14-3 |
| 26 | കടമുറികളുടെ വാടക പുതുക്കൽ-എഗ്രിമെന്റ് ഹാജരാക്കിയില്ല | 1-14-4 |

| | | |
|---|---|---|
| 27 | അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ കടമുറികൾ വാടകയ്ക്ക് നല്കിയിട്ടില്ല | 1-14-5 |
| 28 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-16 |
| 30 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-16-1 |
| 31 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ | 1-16-2 |
| 32 | ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും കണക്ക് സൂക്ഷിക്കുന്നില്ല | 1-16-3 |
| 33 | Adventure Park- ലൈസൻസ് എടുത്തിട്ടില്ല | 1-16-4 |
| 34 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-17 |
| 35 | മൊബൈൽ ടവറുകളുടെ വസ്തു നികുതി | 1-17-1 |
| 36 | ഡാറ്റാ പ്യൂരിഫിക്കേഷൻ കഴിഞ്ഞിട്ടും പിഴവുകൾ തുടരുന്നു | 1-17-2 |
| 37 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം - മാർഗ്ഗരേഖ പാലിച്ചില്ല | 1-18 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അപാകതകൾ | 1-19 |
| 39 | വ്യത്യസ്ത പ്രോജക്ടുകളിലായി ഒരേ ഗുണഭോക്താക്കൾക്ക് പാലിന് ഇൻസെന്റീവ് നൽകി | 1-20 |
| 40 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-21 |
| 41 | തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ- പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ | 1-22 |
| 42 | തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ,അറ്റകുറ്റപണികൾ പ്രോജക്ടുകൾ -അപാകതകൾ | 1-23 |
| 43 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 44 | വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-25 |
| 45 | വെറ്ററിനറി മരുന്നു വാങ്ങിയതിലെ അപാകതകൾ | 1-26 |
| 46 | അങ്കണവാടി കെട്ടിടങ്ങൾക്ക് വാടക അധികം നൽകി | 1-27 |
| 47 | അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല | 1-28 |
| 48 | അങ്കണവാടി പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്- അധികം നൽകി | 1-29 |
| 49 | അങ്കണവാടി പോഷകാഹാരം -ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-30 |
| 50 | അങ്കണവാടി പോഷകാഹാരം- ജി.എസ്.ടി തുക സ്ഥാപനത്തിന് അനുവദിച്ചിട്ടില്ല | 1-31 |

| | | |
|---|---|---|
| 51 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 52 | പാലിയേറ്റീവ് കെയർ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല | 1-33 |
| 53 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-34 |
| 54 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതാണ് | 1-35 |
| 55 | MGNREGS - മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-36 |
| 56 | മരാമത്ത് പ്രവൃത്തികൾ-പൊതു അവലോകനം | 1-37 |
| 57 | വക്കാവ് MCF-ലെ മാലിന്യനീക്കം ചെയ്യൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-38 |
| 58 | ഉപയോഗിക്കാത്ത പൊതു ടാപ്പുകൾ ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അങ്കണവാടി പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്- അധികം നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വരവ് ചലവ് പത്രിക-സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1-11/7/23 ലെ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14/7/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെന്മാറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 28-11-2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 റീകൺസിലിയേഷൻ നടത്തിയിട്ടില്ല

ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് രാജ്

(അക്കൌണ്ട്സ്) ചട്ടങ്ങൾ(ചട്ടം 57).

താഴെ പറയുന്ന അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ മാസാന്ത്യം തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

| നം | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കിയത് |
|---|---|---|---|
| 1 | Treasury Account Of Traditional Functions Fund | - | ഓഡിറ്റ് വർഷം റീകൺസിലിയേഷൻ നടത്തിയിട്ടില്ല |
| 2 | TREASURY OLD VPF A/C- | ( 4571) | ഓഡിറ്റ് വർഷം റീകൺസിലിയേഷൻ നടത്തിയിട്ടില്ല |

### 1-1-2 PFMS- വഴി നൽകുന്ന തുകകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ചുറപ്പാക്കിയിട്ടില്ല

UNION BANK HEALTH GRANT DIAGNOSTIC INFRASTRUCTURE- 339702010060431 എന്ന അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പരിശോധിച്ചപ്പോൾ 30.03.23 ന് Cheque Issued But Not Presented Into Bank (P) ഇനത്തിൽ 389796/- ഉൾപ്പെടുത്തി കാണുന്നു.ഗുണഭോക്താക്കൾക്ക് നേരിട്ട് അക്കൗണ്ടിലേക്ക് പോകുന്ന ഈ തുക Cheque Issued But Not Presented Into Bank ഉൾപ്പെടുത്തിയിട്ടുള്ളത്.
(ഓഡിറ്റ് അന്വേഷണം 4-30/09/23)

30/03/23 ലെ വൗച്ചർ നമ്പർ 22201289 പ്രകാരമുള്ള 61710/- രൂപയും 31-03-2023 ലെ വൗച്ചർ നമ്പർ 22201299 പ്രകാരമുള്ള 73320/- രൂപയും Debit Failure വന്നിട്ടുള്ളതിനാൽ വീണ്ടും PFMS വഴി പേമെന്റ് നടത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ഇപ്രകാരം സംഭവിക്കുന്നത് പരിശോധിച്ച് ഉചിതമായ തിരുത്തൽ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-3 കാലാവധി കഴിഞ്ഞതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ Stale Cheque അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. SBI- Own Fund ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 31.03.2023 വരെ പണമാക്കാത്ത ചെക്കുകളിലായി 48306/- രൂപ നിലനില്ക്കുന്നുണ്ട്. ആയതിൽ 30.4.22 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു. മാത്രമല്ല 31-03-23 മുതൽ വിവിധയിനങ്ങളിലായി 71291/- രൂപ ക്രെഡിറ്റ് ചെയ്യാനുണ്ട്. (Cheque Deposited But Not Cleared)

### 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ & അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1)ഡെപ്പോസിറ്റ് രജിസ്റ്റർ

Bidders Security Deposit, Bidders Earnest Money Deposit എന്നീ ഡെപ്പോസിറ്റുകളൊന്നും തന്നെ വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് ലഭിച്ചത് സംബന്ധിച്ച രശീതി നമ്പർ/ തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ചേർക്കുകയോ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2)അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല.

ഉദാഹരണം - 1)Advance To Others ഇനത്തിൽ മുന്നിരിപ്പ്, പേമന്റ്, റീക്ലപ്പ് ചെയ്തതിന്റെ ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 NREGS- തൻവർഷത്തേതല്ലാത്ത പലിശ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തി

Canara Bank (NREGS) 810101023039 ബാങ്ക് അക്കൗണ്ടിൽ 30.4.23 ന് (23-24 സാമ്പത്തിക വർഷം) പലിശയിനത്തിൽ ലഭ്യമായ 55/- രൂപ 2022-23 വാർഷിക കണക്കിലെ Rp 40(b) ,B4 എന്നിവയിലെ നീക്കിയിരിപ്പിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-1-6 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ, എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ സാമ്പത്തിക വർഷ അവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-8 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1115709/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17517202/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25/03/2022 തീയതിയിലെ 1/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18/03/23തീയതിയിലെ 1/2നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | വാർഷിക ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 10015919 | -15669174 |
| വരവ് | 454756000 | 457706000 |
| ആകെ | 464771919 | 442036826 |
| ചെലവ് | 457655735 | 439284318 |
| നീക്കിയിരിപ്പ് | 7116184 | 2752508 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,71,02,599 |
| വരവ് | 5,78,37,394 |
| ആകെ | 7,49,39,993 |

| | |
|---|---|
| ചെലവ് | 5,89,53,103 |
| നീക്കിയിരിപ്പ് | 1,59,86,890 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 23621000 | 23621000 | 23176460 | 444540 |
| വികസനഫണ്ട് -എസ്.സി.പി | 0 | 10449000 | 10449000 | 9259063 | 1189937 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 703000 | 703000 | 683843 | 19157 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18323000 | 18323000 | 13765459 | 4557541 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8435000 | 8435000 | 6729745 | 1705255 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New (*) | 442033 | 4255487 | 4697520 | 3411837 | 1285683 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 1219298 | 6161000 | 7380298 | 4220401 | 3159897 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- | 0 | 530967 | 530967 | 530967 | 0 |

| Spillover | | | | | |
|---|---|---|---|---|---|

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 4108000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 147487/- രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്. B4 ഷെഡ്യൂൾ പ്രകാരം നീക്കിബാക്കി 1285660/- രൂപയാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

കേന്ദ്രാവിഷ്കൃതം

എ)

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 615602 | 2268488 | 2884090 | 623260 | 2260830 |
| സമ്പൂർണ്ണ ശുചിത്വം | 244581 | 0 | 244581 | 111000 | 133581 |
| ഹെൽത്ത് ഗ്രാന്റ്- വെൽനെസ്സ് സെന്റർ | 0 | 227962 | 227962 | 81434 | 146528 |
| ഹെൽത്ത് ഗ്രാന്റ്- രോഗനിർണ്ണയ അടിസ്ഥാന സൗകര്യം | 0 | 396631 | 396631 | 389430 | 7201 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17351 | 502175 * | 519526 | 511697 ** | 7829 |
| തൊഴിലാളികളുടെ വേതനം | 0 | 37250743 | 37250743 | 37250743 | 0 |
| ആകെ | 17351 | 37752918 | 37770269 | 37762440 | 7829 |

* MGNREGS ക്യാഷ് ബുക്ക് പ്രകാരം വരവ് 502120/- രൂപയും നീക്കിയിരിപ്പ് 7774/- രൂപയുമാണ്. 55/- രൂപയുടെ വ്യത്യാസം കാണുന്നു. 30/04/2023-ൽ ലഭിച്ചിട്ടുള്ള പലിശയായ 55/- രൂപ തെറ്റായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിനു കാരണം.

** I-14(F) പ്രകാരമുള്ള അഡ്മിനിസ്ട്രേഷൻ ചെലവ് 500019/- രൂപയാണ്. 11678/- രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വം | 200000 | 252000 | 452000 | 452000 | 0 |
| ലൈഫ് | 300000 | 0 | 300000 | 0 | 300000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 182338642 | 167 | 88534886 | 0 | 56 | 74.88 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 74.88% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 48.55% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 12186600 | 9458146 | 77.61 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 755000 | 281000 | 37.21 |
| മെഡിക്കൽ ഓഫീസർ-CHC | 8 | 7 | 2766644 | 1851628 | 66.92 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 1175000 | 1162695 | 98.95 |
| വി.ഇ.ഒ-1 & 2 | 22 | 21 | 67653430 | 21292259 | 31.47 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19 | 14 | 19207321 | 11022774 | 57.38 |
| സെക്രട്ടറി | 51 | 31 | 31025852 | 15421154 | 49.7 |
| അസി.സെക്രട്ടറി | 6 | 4 | 2968148 | 2714212 | 91.44 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 93 | 67 | 41725647 | 22496384 | 53.91 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1550000 | 1510000 | 97.41 |
| ഹെഡ് മാസ്റ്റർ ഗവ എൽ.പി.എസ് | 5 | 5 | 1325000 | 1324634 | 99.97 |
| ആകെ | 223 | 167 | 182338642 | 88534886 | 48.55 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17351 | 502175 * | 519526 | 511697 ** | 7829 |
| തൊഴിലാളികളുടെ വേതനം | 0 | 37250743 | 37250743 | 37250743 | 0 |
| ആകെ | 17351 | 37752918 | 37770269 | 37762440 | 7829 |

* MGNREGS ക്യാഷ് ബുക്ക് പ്രകാരം വരവ് 502120/- രൂപയും നീക്കിയിരിപ്പ് 7774/- രൂപയുമാണ്. 55/- രൂപയുടെ വ്യത്യാസം കാണുന്നു. 30/04/2023-ൽ ലഭിച്ചിട്ടുള്ള പലിശയായ 55/- രൂപ തെറ്റായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിനു കാരണം.

** I-14(F) പ്രകാരമുള്ള അഡ്മിനിസ്ട്രേഷൻ ചെലവ് 500019/- രൂപയാണ്. 11678/- രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 979 | 10718600 |
| വാർദ്ധക്യകാല പെൻഷൻ | 3411 | 35430400 |
| വികലാംഗ പെൻഷൻ | 503 | 5547700 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 158 | 1726800 |
| വിധവാ പെൻഷൻ | 1689 | 18131900 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-09-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 44257/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കണം. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. മൊബൈൽ ടവറുകളിൽ നിന്ന് നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിൽ മേലധികാരികൾ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുതകുന്ന രീതിയിൽ കാര്യക്ഷമമായി ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുവാനുള്ള ശ്രമം ഉണ്ടാകേണ്ടതുണ്ട്. ഇതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ പി.ഡബ്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

8-9-19 മുതൽ 30-9-19 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ തുടരുന്നുണ്ട്.

പെർഫോമൻസ് ഓഡിറ്റ് 1/23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

## 1-11 വസ്തു നികുതി അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് 5 വർഷത്തേക്ക് 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023/തസ്വഭവ സർക്കാർ ഉത്തരവ് പ്രകരം വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തിയാണ് നികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും സർക്കാർ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തു നികുതി നിർണ്ണയ നടപടികളും വസ്തു നികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണത്തിനും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തു നികുതിയിൽ നല്കാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്.

5/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/തസ്വഭവ എസ് ആർ നമ്പർ 479/2023 വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ അഞ്ചു വർഷ കാലയളവ് പൂർത്തിയാക്കുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സഞ്ജയഡാറ്റാ ബേസ് പ്രകാരം 20 വാർഡുകളിലായി 17396 കെട്ടിടങ്ങളാണ് ഉള്ളത്. ഗ്രാപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

1. അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ

സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും 29/4/2023 തീയതിയിലെ ഭരണസമിതിയുടെ 12/2 നമ്പർ പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.കരട് വിജ്ഞാപനം 2/05/23 ലെ മാതൃഭൂമി, മലയാള മനോരമ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്.

കരട് വിജ്ഞാപനത്തിനു ശേഷം ആക്ഷേപമില്ലെങ്കിൽ 30 ദിവസത്തിനു ശേഷം ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയിൽ മാറ്റം വരുത്താവുന്നതാണ്.

ആക്ഷേപങ്ങൾ ലഭ്യമാകാത്തതിനാൽ 26/06/23 തീയതിയിലെ ഭരണസമിതിയുടെ 5(1)നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച കരട് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2. വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ, വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ഇളവ് നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 2-29-09-23 ന് മറുപടിയായി 16.01.2012 ലെ 2ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ള മേഖലകളും റോഡുകളും തുടരാനാണ് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത് എന്നാണ് അറിയിച്ചത്.

3. വിവരശേഖരണവും ഡാറ്റാ എൻട്രിയും

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഐ.ടി.ഐ/ ഐ.ടി.സി/സിവിൽ -ഡിപ്ലോമ/സിവിൽ സർവ്വെയർ എന്നീ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാന പ്രകാരം ഒരു കെട്ടിട നമ്പരിന് 30/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്.

കെട്ടിടങ്ങളെ സംബന്ധിച്ച് വിവര ശേഖരണത്തിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് 2 പ്രാവശ്യം പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ട്

(3/05/23 , 16/05/23 തീയതികളിൽ)

കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്തത് സംബന്ധിച്ച് കെട്ടിട ഉടമകൾ നല്കുന്ന അറിയിപ്പ് ( ഫോറം 9ബി) 76 എണ്ണം അപേക്ഷകളാണ് ഗ്രാമപഞ്ചായത്തിന് നിലവിൽ ലഭിച്ചിട്ടുള്ളത്.

22.03.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കേണ്ടതാണ്.

1-12 രശീതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

1. രശീതി ബുക്ക് നമ്പർ- 11027

വിജയലക്ഷ്മി, തോപ്പിൽ വീട്, കണിമംഗലം എന്നവരുടെ 20/ 524 നമ്പർ കെട്ടിടത്തിന് വസ്തു നികുതിയിനത്തിൽ 26/ 3 /23 തീയതിയിലെ 21 /11027 നമ്പർ രശീതി പ്രകാരം 1039/- രൂപ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 26/3 /23 കളക്ഷൻ രജിസ്റ്ററിൽ (പേജ് 90)പ്രസ്തുത രശീതി ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ അസൽ രശീതിയും ആയതിന്റെ പകർപ്പും ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ രശീതി ക്യാൻസൽ ചെയ്യുകയോ പ്രസ്തുത രശീതിയുടെ പകർപ്പ് രശീതി പുസ്തകത്തിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ 28/03/23 തീയതിയിലെ 1220111902 രശീതി പ്രകാരം കെട്ടിട നികുതി അടവാക്കിയിട്ടുണ്ട്.
26-03-2023 തീയതിയിലെ പരാമർശിത രശീതിയുടെ പകർപ്പ് ഹാജരാക്കാത്ത പക്ഷം തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.രശീതി ബുക്ക് നമ്പർ- 11025

സർട്ടഫിക്കറ്റ് ഓഫ് കൗണ്ട് പ്രകാരം 11025 രശീതി പുസ്തകത്തിൽ 100 അസൽ രശീതിയും പകർപ്പും ഉള്ളതായാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 61/11025 നമ്പർ രശീതിയുടെ 2 അസൽ രശീതി പുസ്തകത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. അയതിൽ ഒരു രശീതിയിൽ Cancelled Due To Duplication എന്ന് രേഖപ്പെടുത്തിയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന്റെ പകർപ്പ് രശീതി പുസ്തകത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത രശീതിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5/04-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം 11 പ്രകാരം രശീതികളിലെ തിരുത്തൽ - തെറ്റ സംഭവിച്ചാൽ രശീതികൾ റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ചട്ടവ്യവസ്ഥ പാലിക്കേണ്ടതാണ്.

1-13 പെർമിറ്റ് ഫീ - അധികം ഈടാക്കി

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് ഫീ നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ വഴിയാണ് കണക്കാക്കുന്നത്. അപ്രകാരം കണക്കാക്കിയ പെർമിറ്റ് ഫീ യഥാർത്ഥത്തിൽ ലഭ്യമാകേണ്ട തുകയേക്കാളും കൂടുതലായി കണക്കാക്കിയിരിക്കുന്നതായി കണ്ടെത്തി. നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റൻഷന് പെർമിറ്റ് നൽകുമ്പോൾ അധിക നിർമ്മാണത്തിന് മാത്രം പെർമിറ്റ് ഫീ ഈടാക്കുന്നതിനു പകരം ആകെ വിസ്തീർണ്ണം (Build-up Area) കണക്കാക്കിയാണ് പെർമിറ്റ് ഫീ ഈടാക്കിയിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ/തീ | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം | ഈടാക്കിയത് | ഈടാക്കാവുന്നത് |
|---|---|---|---|---|
| A4-BA(305915)2021 തീ 27-09-2022 (ഫയൽ നമ്പർ SC3- 3376/22 തീ. 14-09-2022 | ശ്രീ.അരുൺകുമാർ കെട്ടിട നമ്പർ-4/168 | റെസിഡൻഷ്യൽ ഏരിയ Existing GF – 108.53ച.മീ Existing Porch- 8.99 ച.മീ Extension F.F – 93.75ച.മീ ആകെ - 211.27 ച.മീ | 1479 (Rt. No.1220103781 Dt 26/09/22) | 93.75*7= 656.25 വ്യത്യാസം = (1479-656)= 823 രൂപ |
| A4-BA(1415378)2022 തീ 30-12-2022 SC3- 6300/22 തീ. 16-12-2022 | ബിന്ദു. എ മാത്തിൽ ഹൗസ്, ചാത്തമംഗലം കെട്ടിട നമ്പർ-13/347 | റെസിഡൻഷ്യൽ ഏരിയ Existing GF – 112.49ച.മീ Existing Porch- 12.65 ച.മീ Extension F.F – 72.72ച.മീ ആകെ - 197.86ച.മീ | 1386 Rt. No.1220108478 Dt 28/12/22) | 72.72* 7 = 509.04 വ്യത്യാസം = 1386-509= 877 |

കൃത്യത ഉറപ്പാക്കാതെ പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16-4/10/23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം മാത്രം പെർമിറ്റ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-14 വാടക വരവ് കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ്, കടമുറികൾ എന്നിവയുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, വാടക രജിസ്റ്റർ, എഗ്രിമെന്റ് എന്നീ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-14-1 ബസ് സ്റ്റാന്റ്- ലേലം

1995-ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ , വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം വിരാമ സ്ഥലമായോ ഇറക്കുസ്ഥലമായോ വണ്ടിത്താവളമായോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ചുമത്തുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് പൊതു ലേലം വഴി ഏറ്റവും ഉയർന്ന നിരക്കിൽ ലേലം പിടിക്കുന്ന ആളിന് ഒരു സമയം ഒരു വർഷത്തിൽ കവിയാത്ത കാലയളവിൽ നല്കാവുന്നതാണ്. അപ്രകാരമുള്ള പാട്ടക്കാരൻ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസിനേക്കാൾ ഉയർന്ന നിരക്കിൽ ഫീസ് ചുമത്താൻ പാടുള്ളതല്ല.

ലേലം രജിസ്റ്റർ, ലേലഡയറി എന്നിവ പരിശോധിച്ചതിൽ 2018 -19 സാമ്പത്തിക വർഷം അവസാനം

29/03/19 ന് 214120/- രൂപയ്ക്കാണ് ലേലം അവസാനമായി പിടിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിക്ക ശേഷം 2022-23 വർഷം 29/07/22, 2/12/22, 27/03/23 എന്നീ തീയതികളിൽ ലേല നടപടി സ്വീകരിച്ചതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ ബസ് സ്റ്റാന്റ് തൻവർഷം ആരും തന്നെ ലേലം കൊണ്ടിട്ടില്ല.

ചട്ടം 21- നേരിട്ട് ഫീസ് പിരിക്കൽ - ഏതെങ്കിലും കാരണവശാൽ ഫീസ് പിരിക്കാനുള്ള അധികാരം ലേല പ്രകാരം വില്ക്കുന്നത് അസാധ്യമാണെന്ന് കാണുന്ന സംഗതിയിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് ഫീസ് പിരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

പൊതുവിരാമസ്ഥലമോ വണ്ടിത്താവളമോ ഉപയോഗിക്കുന്നതിന് ഫീസ് താഴെപ്പറയുന്നതിൽ കൂടുതല്ലാത്ത നിരക്കിലാണ് ചുമത്തേണ്ടത്

| | ഒരു സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ 24 മണിക്കൂറിൽ അധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഏറ്റവും കൂടിയ ഫീസ് (രൂപ) | സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 24 മണിക്കൂറിൽ അധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഏറ്റവും കൂടിയ ഫീസ് (രൂപ) |
|---|---|---|
| ഓട്ടോറിക്ഷ | 2 | 3 |
| ബസ്, ലോറി എന്നിവയ്ക്ക് ഓരോന്നിനും | 6 | 10 |
| മിനി ബസ്,ടെമ്പോ, മിനി ലോറി എന്നീ വാഹനങ്ങൾ ഓരോന്നിനും | 4 | 8 |

ബഹുദൂര സർവീസുകൾ ഒഴികെ മറ്റു ബസ്സുകൾ സ്റ്റാന്റിൽ കയറുന്നുണ്ട്. ഇതിനു പുറമേ ഓട്ടോ സ്റ്റാൻഡ് ബസ് സ്റ്റാന്റിനകത്താണ് ഉള്ളത്. ഏറ്റവും കുറഞ്ഞത് പ്രതിമാസം ബസ്സിന് 6x30 = 180 രൂപ പിരിച്ചെടുക്കാവുന്നതാണ്. ഏകദ്ദേശം 55 ബസ്സുകളാണ് സ്റ്റാന്റിലൂടെ പ്രതി ദിനം കടന്നു പോകുന്നത്. ബസ് സ്റ്റാന്റ് വാടക വരവ് ഗ്രാമപഞ്ചായത്തിന് നല്ലൊരു വരുമാന മാർഗ്ഗമാണ്.
ലേലം അസാധ്യമാണെന്ന് കാണുന്നപക്ഷം തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം 3-30/09/23 )

29/07/22, 2/12/22, 27/03/23, 14/06/23 എന്നീ തീയതികളിൽ ലേലം നടത്തിയെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിരുന്നില്ലെന്നും പിന്നീട് 25/09/23 ന് നടത്തിയ ലേലത്തിൽ കെ. ഷിബു എന്നവർ 112000/- രൂപയ്ക്ക് ലേലം കൊള്ളുകയും 60000/- രൂപ നിലവിൽ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ലേലം അസാധ്യമാകുന്ന പക്ഷം സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ആയത് പ്രയോഗത്തിൽ വരുത്താതിരുന്നതിനാൽ ബസ് സ്റ്റാന്റ് പിരിവിനത്തിൽ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. ആയത് പരിശോധിച്ച് ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

1-14-2 ഓഡിറ്റോറിയം ,മൈതാനം, മുഖമണ്ഡപം വാടക വരവ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ മുൻവശത്തുള്ള മൈതാനം, ഓഡിറ്റോറിയം, മുഖമണ്ഡപം എന്നിവയ്ക്ക് പരിപാടികൾ നടത്തുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഒരു ദിവസം പാർക്ക്+മൈതാനം+ഓഡിറ്റോറിയത്തിനും കൂടി 1500/- രൂപയും, പാർക്ക്+മൈതാനത്തിന് 750/- രൂപയും, മുഖമണ്ഡപത്തിന് 100/- രൂപയും, ഓപ്പൺ എയർ ഓഡിറ്റോറിയത്തിന് 1000/- രൂപയുമാണ് ഈടാക്കിവരുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് 58954 /- രൂപയാണ്. പരിപാടികൾ ബുക്ക് ചെയ്യുന്നതിന് പാർക്ക് ബുക്കിങ്ങ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ രേഖപ്പെടുത്തിയ രശീതി നമ്പർ/തീയതി എന്നിവ ലെഡ്ജറുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ ഏതാനും രശീതികൾ ശരിയായ ശീർഷകത്തിലല്ല രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി. പ്രസ്തുത രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടുമില്ല. ആയതിനാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല. (ഓഡിറ്റ് അന്വേഷണം 3-30/09/23 )

ഓഡിറ്റോറിയം, മൈതാനം, മുഖമണ്ഡപം എന്നിവയുടെ വാടക വരവ് നിലവിൽ പാർക്ക് ബുക്കിംഗ് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നതെന്നും ആയത് കാലികമാക്കി ഓഡിറ്റിന് സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

വാടക വരവ് കൃത്യമായ ശീർഷകത്തിൽ വരവ് പിടിക്കാൻ (അക്കൗണ്ട് ചെയ്യപ്പെടാൻ) ശ്രദ്ധിക്കേണ്ടതാണ്.

1-14-3 വാടക രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ വാടകവരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

വാടക രജിസ്റ്റർ പ്രകാരമുള്ള 2022-23 വർഷത്തെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 44,62,932 | 40,58,578 | 4,04,354 |

വാർഷിക കണക്കിൽ രേഖപ്പെടുത്തിയ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ

| ഡിമാന്റ് | കളക്ഷൻ (RP-45(current)) | ബാലൻസ് (B15) |
|---|---|---|
| 44,62,932 | 40,58,578 | 4,00,000 |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (2023-24) പ്രകാരം പിരിച്ചെടുക്കാനുള്ള ബാക്കി തുക 390999/- രൂപയാണ് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 3-30/09/23 ന് മറുപടിയായി വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ പരിശോധിച്ച് തെറ്റുതിരുത്തി കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

1-14-4 കടമുറികളുടെ വാടക പുതുക്കൽ-എഗ്രിമെന്റ് ഹാജരാക്കിയില്ല

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം കടമുറികൾ വാടകയ്ക്കു നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ

വാടകക്കാരനുമായി കരാർ ചമയ്ക്കേണ്ടതാണ്. വാടക രജിസ്റ്റർ പ്രകാരം 95 കടമുറികളാണ് വാടകയ്ക്കു നല്കിയിട്ടുള്ളത്. 40 വാടകക്കാരുടെ എഗ്രിമെന്റ് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാർഷിക വാടക വർദ്ധനവ് വരുത്തുമ്പോൾ എഗ്രിമെന്റ് ചമയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പല കെട്ടിടങ്ങളും 10 വർഷത്തേക്ക് എഗ്രിമെൻറ് ചെയ്തിട്ടുള്ളതെന്ന മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വാർഷിക വാടകയിൽ വർദ്ധനവ് വരുത്തുമ്പോൾ നിയമാനുസൃത മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറിൽ ഏർപ്പെടാതിരിക്കുന്നത് ചട്ടവ്യവസ്ഥകളുടെ ലംഘനവും സംസ്ഥാന സർക്കാരിന് ധനനഷ്ടം വരുത്തുന്നതിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ വാടകക്കാരുടെ കരാർ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-14-5 അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ കടമുറികൾ വാടകയ്ക്ക് നല്കിയിട്ടില്ല

പഞ്ചായത്ത് നിലവിൽ വാടകയ്ക്കു നല്കിയിട്ടുള്ള കടമുറികൾക്കു പുറമെ ബസ് സ്റ്റാന്റിനോട് ചേർന്നുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 19 മുറികളും വല്ലങ്ങി ഷോപ്പിംഗ് കോംപ്ലക്സിൽ ഇരു നിലകളിലുമായി 18 മുറികളും നിലവിൽ ഗ്രാമപഞ്ചായത്ത് വാടകയ്ക്കു നല്കിയിട്ടില്ല. വാടകയിനത്തിൽ വരവ് വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൌകര്യങ്ങൾ പൂർത്തീകരിച്ച് മുറികൾ വാടകയ്ക്കു നല്കുന്നതിനുള്ള അടയന്തിര നടപടി സ്വീകരിക്കുവാൻ 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13-5 ൽ നിർദ്ദേശിച്ചിരുന്നു. ഈ മുറികളുടെ വാടകയുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 3-30/09/23 ) ബസ്സ്റ്റാന്റിനോട് ചേർന്ന് 19 മുറികളുടെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടന്നു വരികയാണെന്നും വല്ലങ്ങി ഷോപ്പിംഗ് കോംപ്ലക്സിലെ ശുചിമുറി മുൻവശം പേവിംങ് ടൈൽസ് എന്നീ വർക്കുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ലേല നടപടികൾ നടത്തുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തി കടമുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

1-15 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ്, ലൈസൻസ് അപേക്ഷകൾ എന്നിവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ ആകെ സ്ഥാപന തൊഴിൽ നികുതി | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ |
|---|---|---|---|---|
| 1 | ബ്രൈറ്റ് ഫ്യൂവൽസ്, നെന്മാറ | 7 | 2500 | 1 |
| 2 | സലിം മോട്ടേഴ്സ് ഓതറൈസ്ഡ് ഡീലർ | 9 | 1500 | 221 |
| 3 | ശ്രീ മുരുക ഫ്യൂവൽസ് | രേഖപ്പെടുത്തിയിട്ടില്ല | 2500 | 511 |

| | | | | |
|---|---|---|---|---|
| 4 | M.S ബൈക്ക്സ്, അയിനം പാടം | 7 | 1500 | |
| 5 | മൃദുല ഏജൻസീസ്, വിത്തനശ്ശേരി | രേഖപ്പെടുത്തിയിട്ടില്ല | 2500 | 30 |
| 6 | മേച്ചരി ഹാർഡ്‌വെയർ | 5 | 2500 | 62 |
| 7 | ഏബിൾ സ്റ്റബൈക്ക് എൽ.എൽ.പി ഗ്ലാബൽ സുസുക്കി | 5 | 2500 | 593 |
| 8 | ആലിക്കൽ പെട്രോളിയം | 9 | 2500 | 621 |
| 9 | ജ്യോതിസ് ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡ് | ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല | 2500 | 802 |

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16ൽ (1) പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ഒരു അർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറിയ്ക്ക് 1ാം നമ്പർ ഫോറത്തിൽ ഓഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ IIാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

മേൽ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 35-6/10/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2022-23 സാമ്പത്തിക വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

### 1-16-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

ജ്യോതിസ് റസിഡൻസി, നെന്മാറ (ലൈസൻസ് നമ്പർ Jc1/802/22 തീ 10-10-22 എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ ആകെ മൂലധന നിക്ഷേപമായി കാണിച്ചിട്ടുള്ളത് 7കോടി 35 ലക്ഷം രൂപയാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മാൾ,

മീഡിയം, ലാർജ് എന്നിങ്ങനെ സ്ഥാപനങ്ങളെ വിവിധ വിഭാഗങ്ങളായി തിരിക്കുകയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽ ഉത്പാദന മേഖലയിലെ 10 കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ളതും സേവന മേഖലയിൽ 5 കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് 15000/- രൂപയാണ്.

സേവന മേഖലയിൽ 5 കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് പരമാവധി 15000/- രൂപ ലൈസൻസ് ഫീസ് ചുമത്താവുന്നതാണെന്നിരിക്കെ 10,000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 26-6/10/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് ഫീയിനത്തിൽ കുറവായി ഈടാക്കിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-16-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ലൈസൻസ് എടുത്തവരുടെ വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റാണ് പരിശോധനയ്ക്ക് 2022-23 ലെ ട്രേഡേഴ്സ് ലിസ്റ്റായി ഹാജരാക്കിയത്. സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരം ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് ആണ് തയ്യാറാക്കേണ്ടത്. ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതാണ് ( ഓഡിറ്റ് അന്വേഷണം 26-6/10/23 )

### 1-16-3 ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും കണക്ക് സൂക്ഷിക്കുന്നില്ല

സഞ്ചയയിലെ ഡാറ്റ പ്രകാരം 2830 കെട്ടിടങ്ങൾക്ക് വ്യാപാര വ്യവസായ ആവശ്യങ്ങൾക്കായി നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും 896 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം 26-6/10/23)

### 1-16-4 Adventure Park- ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പതിനൊന്നാം വാർഡിൽ പോത്തുണ്ടി ഉദ്യാനത്തിനു സമീപത്തായി അഡ്വെഞ്ചർ പാർക്ക് പ്രവർത്തിച്ചു വരുന്നുണ്ട്. ലൈസൻസ് അപേക്ഷകൾ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനം ലൈസൻസ് എടുത്തതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 26-6/10/23 മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

### 1-17 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

### 1-17-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി

A)സുമിത്ത് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചറൽ പ്രൈവറ്റ് ലിമിറ്റഡ്, 32/0/2552-C പി.കെ ടവർ, ഒന്നാം നില,

മാമംഗലം, യാത്രി നിവാസിന് സമീപം, പാലാരിവട്ടം പി.ഒ, എറണാകുളം എന്ന സ്ഥാപനത്തിന് 11-ാം വാർഡിൽ റീ-സർവ്വേ നം. 371/3-2, 371/2-2 ൽ 0.476 ഹെ. സ്ഥലത്ത് ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് A4-BA(1713037)/2022 തീയതി 25/05/22 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു (ഫയൽ നം: എ4/563/2022). പെർമിറ്റ് കാലാവധി 24/05/23-ന് അവസാനിച്ചിട്ടുള്ളതാണ്.

പ്രസ്തുത മൊബൈൽ ടവറിന്റെ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നതിനും മൊബൈൽ ടവറിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാനും ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം.20-05/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല

പതിനൊന്നാം വാർഡിൽ അനധികൃതമായി മറ്റ് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും അവ ഏതെല്ലാം മൊബൈൽ ടവറുകളാണെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫീൽഡ് പരിശോധന നടത്തി മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവത്ക്കരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു, 235 എഎ എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

B). 12/3 കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് മൊബൈൽ ടെലഫോൺ ടവറിന് 2011 ലെ വസ്തു നികുതി പരിഷ്കരണ പ്രകാരം 4608/- രൂപ സഞ്ചയ പ്രകാരം നിർണ്ണയിച്ചിട്ടുണ്ട് (BT 3840, ST – 576, Lc-192). 2018 ഒന്നാം ആർദ്ധ വർഷം മുതൽ വസ്തു നികതി കുറവ് വരുത്തിയിട്ടുണ്ട് (BT 720, ST – 108, Lc-36 അകെ 864/-) പ്രസ്തുത ടവറിന് നികുതി ഇളവു വരുത്തിയതിന്റ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത ടവറിന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ സ്ഥിതി, വസ്തു നികുതി ഇളവു വരുത്തിയതിന്റെ കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്

C) 11/10/22 തീയതി മൊബൈൽ ടവറിന് ( റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ) കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപക്ഷ സമർപ്പിച്ചതിൽ (ഫയൽ നമ്പർ A4-6086/22 ) സെക്രട്ടറി നിരസിച്ചതായി സഞ്ചയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 20/10/21 തീയതി 121020400024 രശീതി പ്രകാരം അപ്ലിക്കേഷൻ ഫീ 1000/- രൂപ അടവാക്കി കാണുന്നു. 11.11.21 തീയതിയിലെ അസി. എഞ്ചിനീയറുടെ റിപ്പോർട്ടിൽ പ്രദീപ് എന്ന വ്യക്തിയുടെ നെന്മാറ വില്ലേജിൽ 55/133/16 റീ - സർവ്വേ നമ്പറിൽ 0.02 Ha വിസ്തീർണ്ണം വരുന്ന ഇരുനില കെട്ടിടത്തിനു മുകളിൽ സ്ഥാപിച്ച Pole Structure ന് (1.44 Sq M) ന്യൂനതകളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.12/11/2021 ന് ന്യൂനത പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിക്കാൻ ഏജൻസിക്ക് കത്ത് നല്കിയിട്ടുണ്ട്. വാർഡ് ക്ലാർക്കിന്റെ 24/06/22 ലെ അന്വേഷണ റിപ്പോർട്ടിൽ ടവർ പ്രവർത്തിച്ചു വരുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. 1/10/22 ന് ടവർ KPBR 2019 ചട്ടം പാലിച്ചാണ് നിർമ്മാണം നടത്തിയതെന്ന് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്രമവത്കരണത്തിനായി നല്കിയ അപേക്ഷയിൽ കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതിയും ക്രമവത്കരണ ഫീസും നാളിതുവരെ ഈടാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രസ്തുത മൊബൈൽ ടവറിന്റെ ക്രമവത്കരണ ഫീസും വസ്തു നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്

D) സർക്കുലർ നമ്പർ 40395/ആർ.സി.2/2014 തസ്വഭവ തീയതി 19-10-2014 പ്രകാരം മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകൾ ഇല്ല എന്ന് ഉറപ്പാക്കുന്നതിന് സ്പെഷ്യൽ

ഡ്രൈവ്/ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല

സഞ്ചയയിൽ 12 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരം ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ക്രമവത്ക്കരിക്കുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-17-2 ഡാറ്റാ പ്യൂരിഫിക്കേഷൻ കഴിഞ്ഞിട്ടും പിഴവുകൾ തുടരുന്നു

സഞ്ചയ ഡാറ്റാ ബേസ് പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളിൽ ക്രമ നമ്പർ 1 പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലും ക്രമ നമ്പർ 2 കൈത്തറി ഷെഡ് എന്ന ഉപയോഗക്രമത്തിലും ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഹോംസ്റ്റേ ക്ക് ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച അടിസ്ഥാന നിരക്ക് 30/- രൂപയാണ്. ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ രണ്ടു കെട്ടിടങ്ങളുടെയും ഉപയോഗക്രമം മാറ്റാതെ ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്. മാർച്ച് 23 വരെയുള്ള ഡാറ്റാ പ്യൂരിഫിക്കേഷനിൽ അപാകതകൾ പരിഹരിച്ചതാണ് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2-29/09/23) മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 14/966 | സക്കാഫ് കോയതങ്ങൾ, ചാത്തമംഗലം | 143.5 ഹോം സ്റ്റേ | 143.5x5=717.5<br>ഇളവ്<br>മേഖല- 143.5 (20%)<br>മേൽക്കൂര- 71.75 (10%)<br>ഇളവ്=30%=215.25<br>വർദ്ധനവ്<br>വഴി സൗകര്യം 0<br>BT= 503<br>LC=26<br>SC= 76<br>Total=605 | 143.5x30=4305<br>ഇളവ്<br>മേഖല- 861 (20%)<br>മേൽക്കൂര-431 (10%)<br>ഇളവ്=30%=1292<br>വർദ്ധനവ്<br>വഴി സൗകര്യം 0<br>BT= 3013<br>LC=151<br>SC= 452<br>Total=3616 | 3011 രൂപ (പ്രാബല്യം 2021) |

| | | | | | | |
|---|---|---|---|---|---|---|
| 2 | 12/572 | സന്ദീപ് പോത്തുണ്ടി ഹിൽ വ്യൂ | 80 ച.മീ | 80x10=800<br>ഇളവ്<br>മേഖല- 80 (10%)<br>മേൽക്കൂര- 80 (10%)<br>കാലപ്പഴക്കം 50%- 400<br>ഇളവ്-(70%) =560<br>വർദ്ധനവ്<br>വഴി സൗകര്യം 0<br>BT= 252<br>LC=13<br>SC= 38<br>Total=303 | 80x30=2400<br>ഇളവ്<br>മേഖല- 240 (10%)<br>മേൽക്കൂര- 240 (10%)<br>കാലപ്പഴക്കം 50%- 1200<br>ഇളവ്-(70%) =1680<br>വർദ്ധനവ്<br>വഴി സൗകര്യം 0<br>BT= 720<br>LC=36<br>SC= 108<br>Total=864 | 561 രൂപ (ഹോം സ്റ്റേ ആയ കാലയളവ് മുതൽ പുന: നിർണ്ണയി ക്കേണ്ടതാണ്) |

ക്രമ നമ്പർ 2 ഉൾപ്പെട്ട കെട്ടിടം ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയോ എന്നതിനും കെട്ടിട ഉടമ 9B ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 20-5/10/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുമ്പോൾ നികുതി പുനർനിർണ്ണയിച്ച് കുറവായ തുക ഈടാക്കേണ്ടതാണ്.

ഫീൽഡ് പരിശോധന നടത്തി പ്രസ്തുത കെട്ടിടത്തിന് ഘടനപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ വസ്തു നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഡയാലിസിസ് രോഗികൾക്ക് ധനസഹായം - മാർഗ്ഗരേഖ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 224/23 (ഡയാലിസിസ് രോഗികൾക്ക് ധനസഹായം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 640000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 80000/- ( വികസന ഫണ്ട്-ജനറൽ) |
| ബിൽ നം തിയതി | 1) 22/20.03.2023, ₹.24000/- |

| | |
|---|---|
| | 2) 23/20.03.2023, ₹.56000/- |

നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് 4000/- രൂപ നിരക്കിൽ ധനസഹായം നൽകുക എന്നതാണ് പ്രോജക്ട്.

ടി പ്രോജക്ടിന്റെ ഭാഗമായി 6 ഗുണഭോക്താക്കൾക്ക് 4000/- രൂപ നിരക്കിൽ 3 മാസത്തേയ്ക്ക് 12000/- രൂപ വീതവും 1 ഗുണഭോക്താവിന് 4000/- രൂപ നിരക്കിൽ 2 മാസത്തേയ്ക്ക് 8000/- രൂപയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ നം.സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022-ലെ ഖണ്ഡിക.7.6.7 പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സഹായ തുക ബന്ധപ്പെട്ട ആശുപത്രിയ്ക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) നൽകാവുന്നതാണ് എന്നതാണ് നിബന്ധന.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ബന്ധപ്പെട്ട ആശുപത്രിയ്ക്ക് തുക അനുവദിക്കുന്നതിനു പകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/04.10.2023) ന് മറുപടി ലഭിച്ചിട്ടില്ല.
സബ്സിഡി മാർഗ്ഗരേഖ പാലിച്ചുകൊണ്ട് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അപാകതകൾ

I )

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 194/23 (പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ (എസ്.സി ) |
| അടങ്കൽ | ₹.1200000/- (വികസനഫണ്ട്-SCP) |
| ചെലവ് | ₹.1199970/- (വികസനഫണ്ട്-SCP) |
| ബിൽ നം/ തിയതി | 1/13.02.2023, ₹.1199970/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദം, പ്രൊഫഷണൽ, പോസ്റ്റുഗ്രാജ്വേറ്റ് മുതലായ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുക എന്നതാണ് പ്രോജക്ട്.

ടി പ്രോജക്ടിന്റെ ഭാഗമായി 30 ലാപ്പ്ടോപ്പുകൾ ജെം മുഖേന വിശ്വാസ് കംപ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നും 39999/- രൂപ എന്ന നിരക്കിൽ വാങ്ങുകയും 30 പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം.613, തീയതി.28.01.2023 പ്രകാരം 30 ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടുള്ളത് 2023 ജനുവരിയിലാണ്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 22/02/2023 ന് ഐ.കെ.എം ടെക്നിക്കൽ ഓഫീസറുടെ ലാപ്പ്ടോപ്പ് പരിശോധന റിപ്പോർട്ടിൽ 30 ലാപ്പ്ടോപ്പുകളുടെയും വാറണ്ടി ഒരു വർഷമാണ്. 3 വർഷത്തെ Original Equipment Manufacture Warranty With Battery And Charger എന്നതാണ് പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്ന Specification. വാറണ്ടി തീരാറായ ലാപ്പ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്. വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) ജെം സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായിട്ടുള്ള ബിഡ്ഡുകൾ പരിശോധിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ നിലനിൽക്കേ കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. ഒരേ സ്പെസിഫിക്കേഷൻ ഉള്ള

ലാപ്പ്ടോപ്പുകളാണ് സ്ഥാപനങ്ങൾ ഓഫർ ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിഡറുടെ പേര് | നിരക്ക് |
|---|---|
| POWER CMS Technology | 38500 |
| ADCOM Systems | 34280 |
| IT Professional Co-operative Society | 36990 |
| Viswas Computers | 39999 |

3) നിർവ്വഹണ ഉദ്യോഗസ്ഥനും ഗുണഭോക്താക്കളും കരാറിൽ ഏർപ്പെട്ടിട്ടില്ല.

4) ലാപ്പ്ടോപ്പ് നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അപേക്ഷ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

A) യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ലാത്ത ആലത്തൂർ കോ-ഓപ്പറേറ്റീവ് കോളേജിൽ പഠിക്കുന്ന 1)അർച്ചന.വി, അകംപാടം, പോത്തുണ്ടി, 2)സുനിമോൾ.ജെ, കാവുങ്കൽ വീട്, ചൂണ്ടിയംകുളം, വിത്തനശ്ശേരി എന്നീ വിദ്യാർത്ഥികൾക്കും ACE ഇൻസ്റ്റിറ്റ്യൂട്ട്, പാലക്കാട് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന രശ്മി.ആർ, ചക്കാന്തറ, നെമ്മാറ എന്ന വിദ്യാർത്ഥിക്കും ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്.

B) ആതിര.എം, പേഴുംപാറ, നെന്മാറ എന്ന വിദ്യാർത്ഥി ഹാജരാക്കിയിട്ടുള്ള 27.01.2022-ലെ NSS കോളേജ്, നെമ്മാറ എന്ന സ്ഥാപനത്തിലെ സർട്ടിഫിക്കറ്റിൽ ടി വിദ്യാർത്ഥി 2021-22 വർഷത്തിൽ മൂന്നാം വർഷ ബികോം പൂർത്തിയാക്കിയിട്ടുള്ളതാണ്.

C) സവിത, W/o ശശികുമാർ, മലനെല്ലികുളമ്പ്, ചാത്തമംഗലം, നെന്മാറ എന്ന വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

D) സുവർണ്ണ സുബ്രഹ്മണ്യൻ, പേഴുംപാറ, ചാത്തമംഗലം എന്ന വിദ്യാർത്ഥി ഹാജരാക്കിയിട്ടുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അയലൂർ എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി നൽകിയിട്ടുള്ള സാക്ഷ്യപത്രത്തിൽ വിദ്യാർത്ഥിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.

II)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 286/23 (എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ ) |
| അടങ്കൽ | ₹.326748/- (തനത്ഫണ്ട്) |
| ചെലവ് | ₹.319992/- (തനത് ഫണ്ട്) |
| വൗച്ചർ നം/ തിയതി | 22201209/20.03.2023, ₹.319992/- Cheque No.968543/20.03.2023 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദം, പ്രൊഫഷണൽ, പോസ്റ്റ്ഗ്രാജ്വേറ്റ് മുതലായ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുക എന്നതാണ് പ്രോജക്ട്.

2021-22 വർഷത്തിൽ 12 ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായി 23.10.2021ലെ 26237 നമ്പർ വർക്ക് ഓർഡർ പ്രകാരം 326748/- രൂപ (വികസനഫണ്ട്-SCP) കെൽട്രോണിന് നൽകുകയും ലാപ്പ്ടോപ്പ് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ കെൽട്രോൺ തുക തിരികെ നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ

തനത്ഫണ്ട് അക്കൗണ്ടിൽ (നം.36518893411) 19.08.2022 തീയതി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ ജെം മുഖേന വിശ്വാസ് കംപ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നും 39999/- എന്ന നിരക്കിൽ 8 ലാപ്പ്ടോപ്പുകൾ വാങ്ങുകയും 8 പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം.639, തീയതി.06.02.2023 പ്രകാരം 8 ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടുള്ളത് 2023 ഫെബ്രുവരിയിലാണ്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2021-22 വർഷത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 326748/- രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിക്ഷേപിക്കാതെ തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

2) സ്റ്റാമ്പ് പേപ്പർ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിദ്യാർത്ഥികളുമായി നിർവഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ലാത്ത ആലത്തൂർ കോ-ഓപ്പറേറ്റീവ് കോളേജിൽ പഠിക്കുന്ന 1)കൃഷ്ണദാസ്.കെ, മുല്ലക്കൽ വീട്, വിത്തനശ്ശേരി 2) അപർണ്ണ.ആർ, വക്കാവ് ,നെമ്മാറ എന്നീ വിദ്യർത്ഥികൾക്കും Success Academy Open School, കൊല്ലങ്കോട് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന ഷീബ, കിഴക്കുംപാടം, പുഴയ്ക്കൽത്തറ എന്ന വിദ്യാർത്ഥിയ്ക്കും ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.22/06.10.2023) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം/പരാമർശം

1) വാറണ്ടി തീരാറായ ലാപ്പ്ടോപ്പുകൾ വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) കുറവ് നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ നിലനിൽക്കേ കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പുകൾ വാങ്ങിയതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

3) നിർവഹണ ഉദ്യോഗസ്ഥനും ഗുണഭോക്താക്കളും ചേർന്ന് നിബന്ധനകൾ രേഖപ്പെടുത്തി കരാറിൽ ഏർപ്പെടേണ്ടതാണ്.

4) സബ്സിഡി മാർഗ്ഗരേഖ പാലിച്ചുകൊണ്ട് മാത്രം അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകേണ്ടതാണ്.

1-20 വ്യത്യസ്ത പ്രോജക്ടുകളിലായി ഒരേ ഗുണഭോക്താക്കൾക്ക് പാലിന് ഇൻസെന്റീവ് നൽകി

| |
|---|
| 1) പ്രോജക്ട് നമ്പർ : 177/23 (ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -എസ്.സി<br>അടങ്കൽ: 250000/- (200000/- വികസനഫണ്ട്-ജനറൽ, 50000/-ജില്ലാപഞ്ചായത്ത് വിഹിതം<br>ചെലവ് : 210000/- (200000/- വികസനഫണ്ട്-ജനറൽ, 10000/-ജില്ലാപഞ്ചായത്ത് വിഹിതം<br>ബിൽ നം /തിയതി: 1) 3/15.02.2023, 200000/-<br>2) 5/18.03.2023, 10000/- |
| 2) പ്രോജക്ട് നമ്പർ : 158/23 (ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -ജനറൽ)<br>അടങ്കൽ : 1050000/- (500000/- വികസനഫണ്ട്-ജനറൽ, 400000/- ബ്ലോക്ക് വിഹിതം, 150000/-ജില്ലാപഞ്ചായത്ത് വിഹിതം)<br>ചെലവ് :1050000/- (500000/- വികസനഫണ്ട്-ജനറൽ, |

400000/- ബ്ലോക്ക് വിഹിതം, 150000/-ജില്ലാപഞ്ചായത്ത് വിഹിതം)

ബിൽ നം / തിയതി : 1) 2/11.01.2023, 400000/-

2) 4/16.03.2023, 150000/-

3) 6/28.03.2023, 500000/-

ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകൽ എന്ന പ്രോജക്ട് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I) 177/23(പാലിന് ഇൻസെന്റീവ്- പട്ടികജാതി വിഭാഗം)

1) എസ്.സി ഗുണഭോക്താക്കൾക്ക് പാലിന് ഇൻസെന്റീവ് എന്ന പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വിഹിതമായ 200000/- രൂപ 41 ഗുണഭോക്താക്കൾക്കും ജില്ലാപഞ്ചായത്ത് വിഹിതമായ 10000/- രൂപ 39 ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട്.
ക്ഷീരോൽപ്പാദക സംഘങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള പാലളവ് സ്റ്റേറ്റ്മെന്റിൽ മാസം തിരിച്ചുള്ള പാലളവും ആകെ പാലളവും ഏതെല്ലാം മാസങ്ങളിൽ ഉൾപ്പെട്ടതാണെന്നും രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് പോത്തുണ്ടി ആപ്ക്കോസിൽ 29 ഗുണഭോക്താക്കൾക്കായി 138121/-രൂപയും പുളിക്കൽത്തറ ആപ്ക്കോസിൽ നാല് ഗുണഭോക്താക്കൾക്കായി 13812/-രൂപയും നൽകിയിട്ടുണ്ട് എന്നാൽ ഏതെല്ലാം മാസങ്ങളിലെ പാലളവാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2) ടി പ്രോജക്ടിൽ നിന്നും പാലിന് ഇൻസെന്റീവ് ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കു വീണ്ടും പാലിന് ഇൻസെന്റീവ് (ജനറൽ) പ്രോജക്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | എസ്.സി പ്രോജക്ടിൽ നിന്നും അനുവദിച്ച ഇൻസെന്റീവ് | | ജനറൽ പ്രോജക്ടിൽ നിന്നും അനുവദിച്ച ഇൻസെന്റീവ് | |
|---|---|---|---|---|
| | GP | DP | GP | BP |
| രുഗ്മിണി ( A/c No. 339702010054770) | 8334 | 552 | 3195 | 1440 |
| പങ്കജം ( A/c No. 339702010050420) | 11871 | 660 | - | 3345 |
| പൊന്നിചാമി ( A/c No. 339702010050587) | 7728 | 516 | 1491 | 1788 |
| ഗിരിജ ( A/c No. 339702010057790) | 12249 | 1107 | - | 5865 |
| ആകെ | 40182 | 2835 | 4686 | 12438 |

II) 158/23 (ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -ജനറൽ)

1) ക്ഷീരോൽപ്പാദക സംഘങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള പാലളവ് സ്റ്റേറ്റ്മെന്റിൽ മാസം തിരിച്ചുള്ള

പാലളവും പുളിക്കൽത്തറ ആപ്കോസ്, പോത്തുണ്ടി ആപ്കോസ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള സ്റ്റേറ്റ്മെന്റിൽ ആകെ പാലളവ് ഏതെല്ലാം മാസങ്ങളിലെ ഉൾപ്പെട്ടതാണെന്നും രേഖപ്പെടുത്തിയിട്ടില്ല.

lll) 40/23 (ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -ജനറൽ-Spill Over)

2021-22 വർഷം പാലളന്ന ക്ഷീരകർഷകർക്ക് സ്പിൽഓവർ പ്രോജക്ടായി തൻവർഷം പാലിന് ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2021ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ അളന്ന പാലിനുള്ള ഇൻസെന്റീവായി 250000/- രൂപ വികസനഫണ്ട് (ജനറൽ) വകയിരുത്തുകയും ബിൽ നം.1/18.06.2022,പ്രകാരം ₹. 250000/- രൂപ 302 ക്ഷീരകർഷകർക്കായി നൽകുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 246720/-രൂപയുടെ പാലളവ് സ്റ്റേറ്റ്മെന്റാണ് വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളത്. 3280/- രൂപയുടെ പാലളവ് സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.23/06.10.2023) മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം/പരാമർശം

1) പാലളവ് സ്റ്റേറ്റ്മെന്റിൽ ഏതെല്ലാം മാസങ്ങളിലെ അളവാണെന്ന് കൃത്യമായി രേഖപ്പെടുത്തി ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്.
2) ഒരേ ഗുണഭോക്താക്കൾക്ക് രണ്ട് പ്രോജക്ടുകളിൽ നിന്നും പാലിന് സബ്സിഡി തുക അനുവദിച്ചതിനാൽ, അധികമായി നൽകിയ 17124/- രൂപ തടസ്സപ്പെടുത്തുന്നു.
3) 3280/- രൂപയുടെ പാലളവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതു വരെ ടി തുക തടസ്സപ്പെടുത്തുന്നു.

## 1-21 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് -13/23ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ,ചെലവ്-250000 രൂപ

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം 250000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഹോംകോ-ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.1/22-23, തി.31.10.2022, പ്രോഫോർമ ഇൻവോയിസ് നം.7.11.2022). എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/6.10.2023)നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. രോഗികൾക്ക് ഉപകാരപ്പെടും വിധത്തിൽ യഥാസമയം മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ- പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ 4 /23

തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ

അടങ്കൽ-963000

ചെലവ്-960225 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

വൗച്ചർ നമ്പർ—XVFC/2022-23/P/54 തി.30.3.2023

ഗ്രാമപഞ്ചായത്തിന്റെ വിവിധ തെരുവുകളിലെ വിളക്കുകൾ ഇല്ലാത്ത പുതിയ പോസ്റ്റുകളിൽ 24 W വിളക്കുകൾ സ്ഥാപിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിക്കായി നടത്തിയ ഇ-ടെൻഡറിൽ 24 W തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ഏറ്റവും കുറവ് തുകയായ 525 രൂപ ക്വാട്ട്

ചെയ്ത പെറ്റാലൈറ്റ് ഇലക്ട്രിക്കൽസ്, കുന്നംകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഭരണസമിതി (10.2.23 ലെ. തീരുമാനം2/2) അംഗീകരിച്ചു. 10.2.2023 തീയതിയിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു (കരാർ നം.33/NMAGP/2023 തി.10.2.23). തെരുവ് വിളക്കുകൾ സ്ഥാപിച്ച് സ്ഥാപനത്തിന്റെ 13.3.2023ലെ ഇൻവോയിസ് പ്രകാരം (നം.PET-E-PKD-NMR-21/22-013 LF.13.3.23) 1550 വിളക്കുകൾ സ്ഥാപിച്ചതിന്റെ ചെലവായി 960225 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ടെൻഡർ നിബന്ധനയിൽ കെഎസ്ഇബിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തി നടത്തേണ്ടത് (നിബന്ധന നം.8), കെഎസ്ഇബിയിൽ നിന്നും വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രത്തിന് ശേഷം മാത്രമേ ഫൈനൽ ബിൽ തുക അനുവദിക്കുകയുള്ളൂ (നം.9) എന്നീ നിബന്ധനകളും ചേർത്തിട്ടുണ്ട്. എന്നാൽ കെഎസ്ഇബിയുടെ സൂപ്പർവിഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെഎസ്ഇബിയിൽ നിന്നും തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഇല്ലാതെതന്നെ സ്ഥാപനത്തിന് ബിൽ തുക അനുവദിച്ചു(മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്). എന്നാൽ മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ എത്ര തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിച്ചു എന്നത് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഏത് പോസ്റ്റിൽ എപ്പോൾ സ്ഥാപിച്ചു തുടങ്ങിയ വിവരങ്ങൾ ഇല്ല)

2. ഇ-ടെൻഡറിൽ സ്ഥാപനം ക്വാട്ട് ചെയ്ത തുക ടാക്സ് ഉൾപ്പെടെ 525 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്(പ്രൈസ് ഷെഡ്യൂൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്). തയ്യാറാക്കിയ ടാബുലേഷൻ സ്റ്റേറ്റ്മെന്റിലും ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിലും കുറഞ്ഞതുക 525 രൂപ അംഗികരിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടപ്പോൾ 525 രൂപക്കു പുറമേ 18% ജി.എസ്.ടി തുക വീണ്ടും ഉൾപ്പെടുത്തിയ നിരക്കായ 619.5 രൂപക്കാണ് കരാറിലേർപ്പെട്ടത്. പിന്നീട് സ്ഥാപനത്തിന്റെ 13.3.2023ലെ ഇൻവോയിസ് പ്രകാരം (നം.PET-E-PKD-NMR-21/22-013 LF.13.3.23) തുക നൽകിയപ്പോൾ 525 രൂപക്ക് പുറമേ 18 ശതമാനം ജി.എസ്.ടി കൂടി ഉൾപ്പെടെ 619.5 രൂപയാണ് നൽകിയിട്ടുള്ളത്.

ആയത് പ്രകാരം ചുവടെചേർക്കുന്ന പ്രകാരമുള്ള അധിക തുക സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| സ്ഥാപനം ക്വാട്ട് ചെയ്തത് പ്രകാരം അനുവദിക്കാവുന്നത് | 525x1550=813750 |
| അനുവദിച്ചത് | 619.5x1550=960225 |
| അധിക തുക അനുവദിച്ചത് | 146475 |

3. സ്ഥാപിച്ച തെരുവ് വിളക്കുകൾ ഒരു വർഷത്തേക്കുള്ള വാറന്റി ഉള്ളതാണെങ്കിലും എല്ലാ വാർഡുകളിലും സ്ഥാപിച്ച തെരുവ് വിളക്കുകൾ പ്രവർത്തിക്കാത്തതിനാൽ അടിയന്തിരമായി റിപ്പയർ ചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനത്തിന് 8.9.23 തിയതിയിൽ സെക്രട്ടറി കത്ത് നൽകിയിട്ടുമുണ്ട്.

മേൽ ചേർത്ത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/4-10-2023) 1550 ബൾബുകൾക്ക് സൂപ്പർ വിഷൻ ചാർജ് തുക കണക്കാക്കി അടവാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് കെഎസ്ഇബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും (ക്രമ നം.1 അപാകതക്ക്), പെറ്റലൈറ്റ് എന്ന സ്ഥാപനം മനപ്പൂർവമല്ലാതെ ക്ലറിക്കൽ പിശക് മൂലം ഇ-ടെണ്ടർ രേഖയിൽ വിത്തൗട്ട് ടാക്സ് എന്ന കോളത്തിലും വിത്ത് ടാക്സ് എന്ന കോളത്തിലും ഒരേ തുക തന്നെ ടൈപ്പ് ചെയ്യുകയാണ് ഉണ്ടായത് എന്ന് കാണിച്ച് സ്ഥാപനം കത്ത് സമർപ്പിച്ചിട്ടുണ്ട് എന്നും സ്ഥാപനം ഇടെൻഡറിൽ കാണിച്ച തുകയോടൊപ്പം ജി.എസ്.ടി. തുക കൂടി കണക്കാക്കിയാലും മറ്റുള്ള ടെണ്ടറുകളെ അപേക്ഷിച്ച് കുറവായ ബിൽ തുകയാണ് വരുന്നത് എന്നതിനാലാണ് തുക നൽകിയത് എന്നും (ക്രമ നം.2 അപാകതക്ക്), പെറ്റാലൈറ്റ് സ്ഥാപിച്ച തെരുവ് വിളക്കുകൾ

പ്രവർത്തിക്കുന്നില്ല എന്ന മെമ്പർമാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ റിപ്പയർ, വാറണ്ടി കാലാവധിക്ക് മുമ്പ് ചെയ്യണമെന്ന് കാണിച്ച് 8.9.2023 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട് എന്നും (ക്രമ നം.3 അപാകതക്ക്) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

സെക്രട്ടറി സമർപ്പിച്ച മേൽ മറുപടി ചുവടെ ചേർക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാവുന്നതല്ല.

കെഎസ്ഇബിക്ക് സൂപ്പർ വിഷനായി കത്ത് നൽകി എന്നതല്ലാതെ കെഎസ്ഇബി സൂപ്പർവിഷൻ നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ജി എസ് ടി തുക കൂടി ഉൾപ്പെടുത്തിയാലും മറ്റ ടെൻഡറുകളെക്കാൾ കുറവാണ് വരുന്നത് എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. സ്ഥാപനം സ്ഥാപിച്ച തെരുവ്വിളക്കുകൾ പ്രവർത്തിക്കുന്നില്ല എന്നത് ക്രമ നം.3 നുള്ള മറുപടിയിൽ നിന്ന് തന്നെ വ്യക്തവുമാണ്.മേൽ കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 960225രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. അപാകതകൾ പരിഹരിച്ച് പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾ സ്ഥാപനത്തിന്റെ ചെലവിൽ തന്നെ മാറ്റി സ്ഥാപിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ,അറ്റകുറ്റപണികൾ പ്രോജക്ടുകൾ -അപാകതകൾ

| ക്രമ നം. | പ്രോജക്ട് | ഫണ്ട്,വൗച്ചർ നം. | ഫൈനൽ ബിൽ തുക | ബിൽ തുകയിൽ ഉൾപ്പെട്ട ജി.എസ്.ടി @ 18% |
|---|---|---|---|---|
| 1 | 4/23 തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ | XVFC/2022-23/P/54 തി.30.3.2023 | 960225 | 146475 |
| 2 | 262/23 തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ | ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്, XVFC/2022-23/P/51 തി.23.2.2023 | 382850 (288760 -പാർട്ട് പേമെന്റ് @ 75%) | 58400 |
| 3 | 3/23 തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ | XVFC/2022-23/P/32 തി.4.10.2022 | 488343 | 74493 |

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ പുതിയത് സ്ഥാപിക്കൽ, അറ്റകുറ്റപണികൾ എന്നിവക്കായി 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. മേൽ മൂന്ന് പ്രോജക്ടുകൾക്കും ഫൈനൽ ബില്ല് നൽകിയപ്പോൾ ജി എസ് ടി 18% ഉൾപ്പെടെയുള്ള തുകയാണ് പ്രോജക്ട് നടപ്പാക്കിയ സ്ഥാപനങ്ങൾ ഇൻവോയിസ് പ്രകാരം സമർപ്പിച്ചിരുന്നത്. എന്നാൽ 2017ലെ ജി എസ് ടി ആക്ട് സെക്ഷൻ 51(1) പ്രകാരം മേൽ സ്ഥാപനങ്ങളിൽ നിന്നും 2% ജി എസ് ടി- ഡി എസ് ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള മേൽ ചേർത്ത ക്രമനമ്പർ 2,3 പ്രോജക്ടുകൾ സമാന പ്രോജക്ടുകൾ ആണെങ്കിലും ആയത് രണ്ടു വ്യത്യസ്ത പ്രോജക്ടുകൾ ആക്കി നടപ്പിലാക്കി.

3. ഗ്രാമപഞ്ചായത്തിൽ തെരുവ്‌വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തെരുവ്‌വിളക്ക് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ട്, അതിൽ ഏതെല്ലാം തരം ഉണ്ട്, വിളക്കുകൾ അവസാനമായി മാറ്റി സ്ഥാപിച്ചത് തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുന്ന രീതിയിൽ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ ആധികാരമാക്കുന്നതിനും എല്ലാ പോസ്റ്റുകളും മീറ്ററിംഗ് ആക്കുന്നതിനും അതിനനുസരിച്ച് മാത്രമേ വൈദ്യുത ചാർജ് കെ.എസ്.ഇ.ബി. മുഖേന ഈടാക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുമായി കെഎസ്ഇബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/5-10-2023) ക്രമ നം.1 ന് മറുപടിയായി ബിൽ തുകയുടെ രണ്ട് ശതമാനം ജി.എസ്.ടി. കണക്കാക്കി സ്ഥാപനത്തിന് കത്ത് നൽകി അടവാക്കുന്നതാണ് എന്നും, ക്രമ നം.2 ന് മറുപടിയായി പ്രോജക്ട് നമ്പർ 3/23 തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ എന്ന പദ്ധതി നിർവഹണം പൂർത്തിയാക്കിയതിനു ശേഷം തെരുവുവിളക്കുകൾ സംബന്ധിച്ച പരാതിയെ തുടർന്ന് വീണ്ടും പുതിയ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങി പദ്ധതി നിർവഹണം ചെയ്തതാണ് എന്നും ക്രമ നം.3 ന് കെഎസ്ഇബിയുമായി സംയുക്ത പരിശോധന നടത്തി തെരുവിളക്ക് രജിസ്റ്റർ പൂർണമായും രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മറുപടിയിൽ പരാമർശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

I.പ്രോജക്ട് നമ്പർ 2/23

നെന്മാറ ഗ്രാമപഞ്ചായത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ 3080700 രൂപ

ചെലവ് 3080100 രൂപ

ഫണ്ട്-ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്

വൗച്ചർ നം.-XVFC/2022-23/P/39 തി.24.1.2023

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3080100 രൂപ എക്സിക്യൂട്ടീവ് എൻജിനീയർ പി എച്ച് ഡിവിഷൻ കൽമണ്ഡപം-ത്തിന്റെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വൗച്ചർ നം.-XVFC/2022-23/P/39 തി.24.1.2023 കരാർ(നം.7,തിയതി രേഖപ്പെടുത്തിയിട്ടില്ല) ഉടമ്പടി പ്രകാരം ആറുമാസത്തിനകം പണി പൂർത്തീകരിക്കേണ്ടതാണ്.

II.

പ്രോജക്ട് നമ്പർ 1/23

തെരുവ് വിളക്ക് സ്ഥാപിക്കാൻ സ്ട്രീറ്റ്‌ലൈൻവലിക്കൽ

അടങ്കൽ 1500000

ചെലവ് 1499694

ഫണ്ട്-ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്,

വൗച്ചർ നം.-XVFC/2022-23/P/40 തി.24.1.2023 -1349980

വൗച്ചർ നം.-XVFC/2022-23/P/44തി.4.2.2023 -74930

വൗച്ചർ നം.-XVFC/2022-23/P/49 തി.20.2.2023 -74784

വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കാൻ കെഎസ്ഇബിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവർത്തി നടപ്പാക്കാൻ വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം1349980 രൂപ കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ നെന്മാറ-യുടെ അക്കൗണ്ടിലേക്കും 74784 രൂപ കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ കയറാടി-യുടെ അക്കൗണ്ടിലേക്കും 74930 രൂപ കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ കൊല്ലങ്കോടി-ന്റെ അക്കൗണ്ടിലേക്കും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/5.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം/നിലവിലെ സ്ഥിതിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നം. | 156/23 (വിദ്യാർത്ഥികൾക്ക് മേശയും കസേരയും- എസ്.സി.പി ) |
| അടങ്കൽ | 1000000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | 994250/- |
| ബിൽ നം/ തീയതി | 1) 2/28.03.2023, ₹.509250<br>2) 4/29.03.2023, ₹.485000 |

നെന്മാറ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഹൈസ്കൂളിൽ പഠിക്കുന്ന, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു മേശ, കസേര എന്നിവ വാങ്ങി നൽകുക എന്നതാണ് പ്രോജക്ട്.
ടി പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും മേശയും കസേരയും ഉൾപ്പെടെ 4850/- രൂപ എന്ന നിരക്ക് രേഖപ്പെടുത്തിയ ഏറ്റവും കുറവ് ടെണ്ടർ തുക നൽകിയിട്ടുള്ള ആർട്ട്കോ ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇൻവോയ്സ് നം.PKD-373/09.03.2023 പ്രകാരം 105 എണ്ണവും ഇൻവോയ്സ് നം.PKD-374/09.03.2023 പ്രകാരം 100 എണ്ണവും ഉൾപ്പെടെ 205 മേശയും കസേരയും വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 205 മേശയും കസേരയും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ കൈപ്പറ്റ് വിവരം ഉൾപ്പെടെ ഹാജരാക്കിയില്ല.

2) മറ്റ് വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.24/06.10.2023) മറുപടി ലഭ്യമായിട്ടില്ല.
മറ്റ് വകുപ്പുകളിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ, 205 മേശയും കസേരയും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ (കൈപ്പറ്റ് വിവരം ഉൾപ്പെടെ) എന്നിവ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുകയായ 994250/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 വെറ്ററിനറി മരുന്നു വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 147/23 (മൃഗാശുപത്രിയിലേയ്ക്ക് |

| | |
|---|---|
| | മരുന്നു വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 100000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നം തിയതി | 1/04.02.2023, ₹.100000/- |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി മൃഗാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് 12/12/2022 തീയതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറവു ക്വട്ടേഷൻ രേഖപ്പെടുത്തിയ ക്യൂർ ആന്റ് കെയർ എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങുകയും (Invoice No.B021970, തീയതി.12.01.2023) 100000/- രൂപ ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (നം. 50200012139781) നൽകുകയും ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ കുറഞ്ഞത് ഒരു വർഷമെങ്കിലും കാലാവധിയുള്ള മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത്.എന്നാൽ ലഭ്യമായ പല മരുന്നുകളും ഒരു വർഷത്തിൽ താഴെ മാത്രം കാലാവധി ഉള്ളവയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | Expiry Date |
|---|---|
| INJ ETHAMSYLATE | 05/23 |
| LIQ VARSHA PLEX 5 LTR | 07/23 |
| TAB ENRO TZ 10s | 08/23 |
| INJ ATROPINE SUL.(ATROTAS) 1ML | 06/23 |
| INJ SEFTICORT 10 ML | 03/23 |

05/23 കാലാവധി തീർന്ന INJ ETHAMSYLATE എന്ന മരുന്ന് കാലാവധിക്ക് ശേഷവും 6 എണ്ണം 08/23 വരെ ഉപയോഗിച്ചിട്ടുണ്ട്.

കാലാവധി തീരാറായ മരുന്നുകൾ വാങ്ങിയതിനും കാലാവധി പൂർത്തിയായ ശേഷവും മരുന്ന് ഉപയോഗിച്ചതിനുമുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/04.10.2023) കാലാവധി പൂർത്തിയാവുന്നതിനു മുൻപ് മരുന്നുകൾ ഉപയോഗിച്ചിട്ടുണ്ടെന്നും ക്ലറിക്കൽ പിഴവ് കാരണമാണ് രജിസ്റ്ററിൽ തിയതി തെറ്റായി രേഖപ്പെടുത്തിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദ്ദേശം

1) മരുന്നുകൾ വാങ്ങുമ്പോൾ മരുന്നിന്റെ കാലാവധി പരിശോധിക്കേണ്ടതും കുറഞ്ഞത് ഒരു വർഷമെങ്കിലും Expiry Date ഉള്ളവ വാങ്ങാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുമ്പോൾ ക്ലറിക്കൽ പിഴവ് വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 അങ്കണവാടി കെട്ടിടങ്ങൾക്ക് വാടക അധികം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 129/23 (കണ്ടിജന്റ് ചെലവ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 100000/- (മെയിന്റനൻസ് -റോഡിതരം) |
| ചെലവ് | 86931/- |

നെമ്മാറ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലുള്ള പുളിക്കൽത്തറ (സെന്റർ നം.47), 1-ാം വാർഡിലുള്ള അയിനംപാടം (സെന്റർ നം.43) എന്നീ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ബിൽ നം.33/30.03.2023 പ്രകാരം 25442/- രൂപ വാടകയിനത്തിൽ കെട്ടിട ഉടമസ്ഥർക്ക് നൽകിയിട്ടുണ്ട്. പുളിക്കൽത്തറ അങ്കണവാടി കെട്ടിടത്തിന്റെ ഉടമയായ അമ്മുക്കുട്ടിയ്ക്ക് (A/c No.44512200007312) 8645/- രൂപയും അയിനംപാടം അങ്കണവാടി കെട്ടിടത്തിന്റെ ഉടമയായ അരവിന്ദാക്ഷന് (A/c No.20036129810) 16797/- രൂപയും നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ മൂല്യനിർണ്ണയത്തിൽ പുളിക്കൽത്തറ അങ്കണവാടിയുടെ വാടക 1729/- രൂപയും (നം.A1-01/2023, 04.01.2023) അയിനംപാടം അങ്കണവാടിയുടെ വാടക 1527/- രൂപയും (നം.A1-02/2023, 03.01.2023) ആണെന്ന് കണക്കാക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് വാടക അനുവദിച്ചിട്ടുള്ളത്. കെട്ടിട ഉടമസ്ഥരുമായുള്ള കരാർ ഉടമ്പടി പരിശോധിച്ചതിൽ അരവിന്ദാക്ഷനുമായി 11.05.2022-നം അമ്മുക്കുട്ടിയുമായി 01.11.2022 നം കരാർ ഒപ്പു വച്ചിട്ടുണ്ട്. കരാർ ഒപ്പു വച്ച തീയതി മുതലാണ് മേൽ അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വനിതാ ശിശു വികസന ഡയറക്ടറുടെ നം.ICDS/B5-30277/19, തീയതി .07.01.2021 ഉത്തരവ് പ്രകാരം അങ്കണവാടി കെട്ടിടത്തിന്റെ വാടകയായി 1000/- രൂപ വകുപ്പിൽ നിന്നും അനുവദിക്കുകയും ബാക്കിയുള്ള തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതുമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

വനിതാ ശിശു വികസന വകുപ്പിൽ നിന്നും അനുവദിച്ച 1000/-രൂപയ്ക്ക് പുറമെ പുളിക്കൽത്തറ അങ്കണവാടിയ്ക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും പ്രതിമാസം നൽകാവുന്ന വാടക 729/- രൂപയും അയിനംപാടം അങ്കണവാടിയ്ക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും പ്രതിമാസം നൽകാവുന്ന വാടക 527/- രൂപയും ആണ്.

പുളിക്കൽത്തറ അങ്കണവാടി കെട്ടിടത്തിന്റെ ഉടമയായ അമ്മുക്കുട്ടിയ്ക്ക് 5 മാസത്തെ വാടകയായ 8645/- രൂപയും (1729 X5) അയിനംപാടം അങ്കണവാടി കെട്ടിടത്തിന്റെ ഉടമയായ അരവിന്ദാക്ഷന് 11 മാസത്തെ വാടകയായ 16797/- രൂപയും (1527 X11) നൽകിയിട്ടുണ്ട്. ഇപ്രകാരം 1000/- രൂപ വീതം ആകെ 16000/- രൂപ പഞ്ചായത്തിൽ നിന്നും അധികമായി നൽകി.

2) കെട്ടിടം വാടകയ്ക്ക് എടുക്കുന്നതു സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.

3) വനിതാ ശിശു വികസന വകുപ്പിൽ നിന്നും മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് വാടക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.25/06.10.2023) മറുപടി ലഭിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് പാലിച്ചു കൊണ്ട് അങ്കണവാടി കെട്ടിടങ്ങൾക്ക് വാടക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അധികമായി അനുവദിച്ച 16000/- രൂപ ക്രമീകരിക്കേണ്ടതാണ്. തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

| |
|---|
| 1) പ്രോജക്ട് നം.122/23 (അങ്കണവാടി പോഷകാഹാരം- ജനറൽ) |

| |
|---|
| അടങ്കൽ - 5288136/- (വികസനഫണ്ട്-ജനറൽ-2288136, കേന്ദ്രഫണ്ട്- 2000000, ബ്ലോക്ക് വിഹിതം- 1000000)<br>ചെലവ്- 3924505/- (വികസനഫണ്ട്-ജനറൽ-2285703, കേന്ദ്രഫണ്ട്- 1538802, ബ്ലോക്ക് വിഹിതം- 100000) |
| 2) പ്രോജക്ട് നം.123/23 (അങ്കണവാടി പോഷകാഹാരം- SCP)<br>അടങ്കൽ - 4289000/- (വികസനഫണ്ട്(SCP)-3789000, കേന്ദ്രഫണ്ട്- 500000)<br>ചെലവ്- 1694097/- (വികസനഫണ്ട്(SCP) |

സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ തിയതി.25.05.2018 പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

2022-2023 വർഷത്തിൽ 2.5 ലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്ക് അമൃതം ന്യൂട്രീമിക്സ്/ അരിപൊടി എന്നിവ ജി.എസ്.ടി ഉൾപ്പെടെ ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല, നെമ്മാറ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. താഴെപ്പറയുന്ന ബിൽ പ്രകാരം അനുവദിച്ച തുകയിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | തുക (5% ജി.എസ്.ടി ഉൾപ്പെടെ) | ബിൽ നം/ തീയതി |
|---|---|---|
| 1205/07.03.22 | 20854/- | 8/13.12.2022 |
| 1195/04.02.22 | 19688/- | 8/13.12.2022 |
| 1189/05.01.22 | 18586/- | 8/13.12.2022 |
| 1239/07.11.22 | 162510/- | 16/09.01.2023 |
| 1248/13.12.22 | 185735/- | 16/09.01.2023 |
| ആകെ | 407373 | |

2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കാതെ സ്ഥാപനത്തിന് തുക അനുവദിച്ചതിനുള്ള കാരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/06.10.2023) മറുപടി ലഭിച്ചിട്ടില്ല.
2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് 2% ജി.എസ്.ടി ടി.ഡി.എസ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

1-29 അങ്കണവാടി പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്- അധികം നൽകി

നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| |
|---|
| 1) പ്രോജക്ട് നം.122/23 (അങ്കണവാടി പോഷകാഹാരം- ജനറൽ) |

| |
|---|
| അടങ്കൽ - 5288136/- (വികസനഫണ്ട്-ജനറൽ-2288136, കേന്ദ്രഫണ്ട്- 2000000, ബ്ലോക്ക് വിഹിതം- 1000000)<br>ചെലവ്- 3924505/- (വികസനഫണ്ട്-ജനറൽ-2285703, കേന്ദ്രഫണ്ട്- 1538802, ബ്ലോക്ക് വിഹിതം- 100000) |
| 2) പ്രോജക്റ്റ് നം.123/23 (അങ്കണവാടി പോഷകാഹാരം- SCP)<br>അടങ്കൽ - 4289000/- (വികസനഫണ്ട്(SCP)-3789000, കേന്ദ്രഫണ്ട്- 500000)<br>ചെലവ്- 1694097/- (വികസനഫണ്ട്(SCP)) |

അങ്കണവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി മാവേലി സ്റ്റോർ, കുടുംബശ്രീ എന്നിവ മുഖേന വാങ്ങുന്ന ഭക്ഷ്യസാധനങ്ങൾ പഞ്ചായത്തിനു കീഴിലുള്ള അങ്കണവാടികളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള വാഹനത്തിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കിലോഗ്രാമിന് 2.5/-രൂപ രേഖപ്പെടുത്തിയ ഏറ്റവും കുറവ് ക്വട്ടേഷനായ ഹരിത കുടുംബശ്രീ യൂണിറ്റിന്റെ ക്വട്ടേഷൻ 22.06.2022 തീയതിയിലെ 4(2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

1) വിവിധ ബില്ലുകൾ പ്രകാരം വാഹന വാടകയിനത്തിൽ നൽകിയ തുകയും സ്റ്റോക്കിലെടുത്ത ഭക്ഷണസാധനങ്ങളുടെ അളവും പരിശോധിച്ചതിൽ ഇറക്കിയ ഭക്ഷണസാധനങ്ങളേക്കാൾ കൂടുതൽ കിലോഗ്രാമിന് വാഹനവാടക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| Invoice No/ Date | സ്റ്റോക്കിലെടുത്തത് (കി.ഗ്രാം) | വാഹന വാടക അനുവദിച്ചത് (കി.ഗ്രാം) 2.5രൂപ നിരക്കിൽ | അധികം നൽകിയത് | ബിൽ നം/ ചെക്ക് നം |
|---|---|---|---|---|
| 761/22.02.2022 | 2267 | 3200 | 933X1.5=1400 ( ഈ മാസം 1.5/kg ആണ് നിരക്ക്) | ചെക്ക് നം. 3364975/ 30.12.2022 |
| 808/28.05.22 | 3572 | 6004.5 | 2432.5X2.5=6081 | 10/13.12.22 |
| 833/30.07.22 | 2136.5 | 2713 | 576.5X2.5=1441 | 10/13.12.22 |
| 894/31.10.2022 | 2059 | 2064 | 5X 2.5 =12.5 | 16/09.01.2023 |
| 922/26.11.22 | 2074 | 2240 | 166 X 2.5 = 415 | 16/09.01.2023 |
| 923/26.11.22 | 1533 | 1592 | 59 X 2.5 = 147.5 | 16/09.01.2023 |
| 843/26.08.2022 | 2152.5 | 2313.5 | 161 X2.5 =402.5 | 10/13.12.22 |
| ആകെ | | | 9899.5 | |

2) ഇൻവോയ്സ് നം.746/04.02.22 പ്രകാരം 894/- കി.ഗ്രാം അമൃതം ന്യൂട്രിമിക്സിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി 1774/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിൽ 894/- കി.ഗ്രാം അമൃതം ന്യൂട്രിമിക്സിനുള്ള തുകയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ടി സാധനം സ്റ്റോക്കിലെടുത്തിട്ടില്ല.

സ്റ്റോക്കിൽ ലഭ്യമല്ലാത്ത സാധനത്തിന് ട്രാൻസ്പോർട്ടേഷൻ നൽകാവുന്നതല്ല. അവ ലഭ്യമായിട്ടുണ്ടെങ്കിൽ തന്നെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ യഥാർത്ഥത്തിൽ നൽകാവുന്നത് 894X1.5= 1341/- രൂപയാണ്. 433/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം നൽകിയിട്ടുണ്ട്.

അധികമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/06.10.2023) മറുപടി ലഭിച്ചിട്ടില്ല.

ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികമായി അനുവദിച്ച 10332.5/- രൂപ (9899.5+433/-) ഹരിത കുടുംബശ്രീ യൂണിറ്റിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഭാഗം 3 കാണുക)

1-30 അങ്കണവാടി പോഷകാഹാരം -ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

| |
|---|
| 1) പ്രോജക്ട് നം.122/23 (അങ്കണവാടി പോഷകാഹാരം- ജനറൽ)<br>അടങ്കൽ - 5288136/- (വികസനഫണ്ട്-ജനറൽ- 2288136, കേന്ദ്രഫണ്ട്- 2000000, ബ്ലോക്ക് വിഹിതം- 1000000)<br>ചെലവ്- 3924505/- (വികസനഫണ്ട്-ജനറൽ- 2285703, കേന്ദ്രഫണ്ട്- 1538802, ബ്ലോക്ക് വിഹിതം- 100000) |
| 2) പ്രോജക്ട് നം.123/23 (അങ്കണവാടി പോഷകാഹാരം- SCP)<br>അടങ്കൽ - 4289000/- (വികസനഫണ്ട്(SCP)- 3789000, കേന്ദ്രഫണ്ട്- 500000)<br>ചെലവ്- 1694097/- (വികസനഫണ്ട്(SCP) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അങ്കണവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഭക്ഷണസാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഭക്ഷണസാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Invoice No. 0903103/221576, തീയതി.02.12.2022 ₹.4585 (Supplyco). ബിൽ നം.16/09.01.2023, ₹.1223494/- | |
|---|---|
| റവ | 15 Kg |
| ഗോതമ്പ്- | 45 Kg |

| Invoice No.1535/17.01.2023, ₹.196796/- (ഹരിത കുടുംബശ്രീ യൂണിറ്റ്). Cheque No.XY-5154445/29.03.2023 ₹.915542/- | | | | |
|---|---|---|---|---|
| സാധനത്തിന്റെ പേര് | ബിൽ പ്രകാരം ലഭ്യമായത് | സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് | കുറവ് (Kg) | നഷ്ടം |
| THRS | 2677.5 | 2674 | 3.5 | 3.5kgX 73.5= 257.25 |

| | | | | |
|---|---|---|---|---|
| Invoice No.0903103/221235,dt.27.10.2022- 215047/- (മാവേലി സ്റ്റോർ) Cheque No.XY-5154445/29.03.2023, ₹.915542/- | | | | |
| Rice Flour (500gm) | 155 | 138 Kg | 17 | 17X41= 697/- |
| Jaggery (500gm) | 836 | 796 | 40 | 40X47.5=1900 |
| Avil | 323 | 0 | 323 | 323X53= 17119/- |
| Invoice No.0903103/222126, 01.03.2023, സൗജന്യം | | | | |
| Rice – | 2000kg | 0 | 2000 | 0 |

ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/06.10.2023) മറുപടി നൽകിയിട്ടില്ല.
ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതിനാൽ 24558/-(4585 +257.25+697+1900+17119) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സൗജന്യമായി ലഭിച്ച 2000കിലോഗ്രാം അരി സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 അങ്കണവാടി പോഷകാഹാരം- ജി.എസ്.ടി തുക സ്ഥാപനത്തിന് അനുവദിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 122/23 (അങ്കണവാടി പോഷകാഹാരം- ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 5288136/- (വികസനഫണ്ട്-ജനറൽ- 2288136, കേന്ദ്രഫണ്ട്- 2000000, ബ്ലോക്ക് വിഹിതം- 1000000) |
| ചെലവ് | 3924505/- (വികസനഫണ്ട്-ജനറൽ- 2285703, കേന്ദ്രഫണ്ട്- 1538802, ബ്ലോക്ക് വിഹിതം- 100000) |

അങ്കണവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി ഹരിത കുടുംബശ്രീ യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങുകയും ആയതിന്റെ വിലയിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. ബിൽ നം.12/13.12.2022 പ്രകാരം 5% GST ഒഴികെയുള്ള തുകയായ ₹.544180/- ഹരിത കുടുംബശ്രീ യൂണിറ്റിന് അനുവദിച്ചിട്ടുള്ളത്. 5% GST തുകയായ 27212/- രൂപ സ്ഥാപനത്തിന് നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | അമൃതം ന്യൂട്രിമിക്സിന്റെ വില | 5% GST |
|---|---|---|
| 1213/23.07.2022 | 194040/- | 9702/- |
| 1221/19.08.2022 | 190120/- | 9506 |
| 1226/24.09.2022 | 160020/- | 8004 |
| | 544180 | 27212 |

GST ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് അനുവദിക്കാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/06.10.2023) മറുപടി ലഭിച്ചില്ല.
സ്ഥാപനത്തിന് GST ഉൾപ്പെടെയുള്ള തുക നൽകേണ്ടതും 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതുമാണ്.

## 1-32 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ലൈഫ് ഐ.ഡി | ആദ്യ ഗഡു അനുവദിച്ചത് | ആകെ അനുവദിച്ച തുക |
|---|---|---|---|
| ഓമന, W/o.മണികണ്ഠൻ, അകംപാടം, പോത്തുണ്ടി | 908282 | 28.01.2021 | 120000/- |
| | | 18.03.2021 | 80000/- |
| | | 18.09.2021 | 50000/- |
| ബിന്ദു W/o.നാരായണൻ, ഇടിയംപൊറ്റ, കയ്പഞ്ചേരി | 714904 | 14.11.2018 | 40000/- |
| | | 29.03.2019 | 220000/- |
| രുഗ്മിണി, W/o.സുബ്രഹ്മണ്യൻ, തിരുത്തംപാടം, നെമ്മാറ | 920969 | 09.03.2021 | 40000/- |
| | | 15.03.2021 | 160000 |
| | | 01.09.2021 | 160000 |

ഭവന നിർമ്മാണം നാളിതുവരെയായിട്ടും പൂർത്തിയാക്കാത്തതിനാൽ,മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-37/7-10-2023)

## 1-33 പാലിയേറ്റീവ് കെയർ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 37/23 (പാലിയേറ്റീവ് കെയർ-സ്പിൽഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 254389/- (81023-വികസന ഫണ്ട്-ജനറൽ, 173366-ബ്ലോക്ക് വിഹിതം) |
| ചെലവ് | 179572/- ( 79572-വികസന ഫണ്ട്-ജനറൽ, 100000-ബ്ലോക്ക് വിഹിതം) |

1) പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ബിൽ നം.1/06.06.2022 പ്രകാരം 42135/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി മാസത്തെ പാലിയേറ്റീവ് കെയർ ചെലവുകൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. 2022

ഫെബ്രുവരി മാസത്തെ പാലിയേറ്റീവ് കെയർ നഴ്സിനുള്ള വേതനം 18230/- രൂപയാണ്. എന്നാൽ ബിൽ പ്രകാരം 11430/- രൂപയാണ് നഴ്സിന് നൽകിയിട്ടുള്ളത്.

2) ബിൽ നം.1/06.06.2022 പ്രകാരമുള്ള 1380/- (വൗച്ചർ നം.22, 23) രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

3) പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള നഴ്സിനെ കൂടാതെ പുതിയതായി ഒരു നഴ്സിനെ 2023 ജനുവരി മുതൽ നിയമിക്കുകയും 18390/- രൂപ വീതം (ബിൽ നം.20/20.03.2023 72177/-, ബിൽ നം.21/20.03.2023 57300/-) 2023 ജനുവരി, ഫെബ്രുവരി മാസത്തെ ഓണറേറിയം ആയി നൽകുകയും ചെയ്തിട്ടുണ്ട്. പുതിയതായി നിയമിക്കപ്പെട്ട നഴ്സിന്റെ നിയമനം സംബന്ധിച്ച ഫയൽ, യോഗ്യത തെളിയിക്കുന്ന രേഖകൾ, കരാർ, നിയമനം ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാനം, പുതിയ നഴ്സിനെ നിയമിക്കാനുണ്ടായ സാഹചര്യം മുതലായവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) ചെക്ക് നം.60149/25.05.2022 പ്രകാരം 13000/- രൂപ NMR ഇൻസെന്റീവ് ഇനത്തിൽ പാലിയേറ്റീവ് കെയർ നഴ്സിനു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/04.10.2023) മറുപടി ലഭിച്ചിട്ടില്ല.

മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുകയായ 51160/- (1380+ (18390X2)+ 13000) രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 5309 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 1923 പദ്ധതികളിൽ 175എണ്ണം നടപ്പാക്കി. ഇതിൽ 42 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 26 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | 43 |
| ചെറുകിട ജലസേചനം | 10 |
| ഭവന നിർമ്മാണം | 54 |
| ഭൂവികസനം | 16 |
| റോഡ് നിർമ്മാണം | 28 |
| കുളം നവീകരണം | 4 |
| വരൾച്ച തടയൽ | 20 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-35 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതാണ്

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും

ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 295 വീതം കണക്കാക്കി ആകെ 100862/- രൂപ അസി.എഞ്ചിനിയർ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120102). ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.36/7.10.23) മറുപടി ലഭ്യമായിട്ടില്ല.

കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-36 MGNREGS - മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദ്ദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.ചെല്ലേഷ്, നെന്മാറ എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 2022-23 വർഷത്തിൽ 26 പ്രവൃത്തികളിലായി ആകെ 4744508/- രൂപയാണ് വിതരണക്കാരന് അനുവദിച്ചിട്ടുള്ളത്. 2022-23 വർഷത്തിൽ വിതരണക്കാരന് നൽകിയ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ബിൽ തുക നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/5.10.23) മറുപടി ലഭ്യമായിട്ടില്ല. ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയ തുക തൊട്ടടുത്ത മാസം ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ ഫൈൻ ബാധകമാണ്. ടി.ഡി.എസ് നടത്താതിരുന്നാൽ കരാറുകാരൻ കൈപ്പറ്റിയ തുകയ്ക്കുള്ള ജി.എസ്.ടി ഒടുക്കാതിരിക്കുവാൻ സാധ്യതയുണ്ട്. മാസങ്ങൾ കഴിഞ്ഞ് ടി.ഡി.എസ് ഒടുക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള ജി.എസ്.ടി കരാറുകാരൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികൾ-പൊതു അവലോകനം

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ അംഗീകാരം ലഭിച്ച 93 പ്രവൃത്തികളിൽ 67 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. മൊത്തം അടങ്കൽ 41725647രൂപയും ചെലവ് 22496384രൂപയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 72% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 53.91% മാത്രമാണ് ചെലവഴിക്കാനായത്. മെയിന്റനൻസ് ഫണ്ട്-റോഡിനത്തിൽ 69.3 ശതമാനവും നോൺ-റോഡ് ഇനത്തിൽ 56.15 % മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. സ്പിൽ ഓവർ പ്രവൃത്തികൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ മതിയായ പിഴ ഈടാക്കാതെ പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയതിന് ഓഡിറ്റ് അന്വേഷണം നൽകിയതിലൂടെ പിഴയായ 5896 രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത്

ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. കാലി ടാർ ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ നൽകിയതിൽ ഓഡിറ്റ് അന്വേഷണത്തിലൂടെ ടാർ ബാരൽ വിലയും ജി.എസ്.ടി. ഉൾപ്പെടെ 7583 രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ മരാമത്ത് മാന്വൽ അനുശാസിക്കുന്ന ചട്ടങ്ങൾ പാലിക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 വക്കാവ് MCF-ലെ മാലിന്യനീക്കം ചെയ്യൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ- 6/23

വക്കാവിലെ മാലിന്യം നീക്കം ചെയ്യൽ

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-15,80,700 രൂപ

ചെലവ്- 9,69,735 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

വൗച്ചർ നം.-XVFC/2022-23/P/53 തി.24.3.2023

ഗ്രാമപഞ്ചായത്തിലെ വക്കാവ് എംസിഎഫിലെ തരംതിരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. തരംതിരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ വേ ബ്രിഡ്ജ് വഴി തൂക്കി എൽ എസ് ജി ഡി വിഭാഗം സാക്ഷ്യപ്പെടുത്തിയത് പ്രകാരം തൂക്കം പരിശോധിച്ച് അതിനനുസരിച്ചുള്ള തുക നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതിക്കായി നടത്തിയ ഇ ടെണ്ടറിൽ തരംതിരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഏറ്റവും കുറവ് തുക കിലോഗ്രാമിന് 6.5 രൂപ ക്വാട്ട് ചെയ്ത നോർത്താംപ്സ് ഇ എൻ വി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 10.1.2023 ലെ 2/3 നം. ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിക്കുകയും 16.2.2023 ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും (കരാർനമ്പർ 11) ചെയ്തു. 22.2.23 മുതൽ 25.2.23 വരെ ആകെ 149190 കിലോഗ്രാം മാലിന്യങ്ങൾ നീക്കം ചെയ്തതിന്റെ ഇൻവോയ്സ് (നം.651/22-23 തി.1.3.2023), മാലിന്യങ്ങൾ തൂക്കിയ കീർത്തി വേബ്രിഡ്ജ് നെന്മാറ എന്ന സ്ഥാപനത്തിൽ നിന്നുള്ള വേബ്രിഡ്ജ് ടിക്കറ്റ് എന്നിവ സ്ഥാപനം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 969735 രൂപ (149190x6.5)സ്ഥാപനത്തിന് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

വേബ്രിഡ്ജ് വഴി മാലിന്യം തൂക്കിയതിന്റെ കൃത്യത എൽ എസ് ജി ഡി വിഭാഗം സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകേണ്ടിയിരുന്നത്. എന്നാൽ തൂക്കം രേഖപ്പെടുത്തിയ വേബ്രിഡ്ജ് ടിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് എൽ എസ് ജി ഡി വിഭാഗം പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെ തന്നെ സ്ഥാപനത്തിന്റെ ഇൻവോയ്സ്, തൂക്കം രേഖപ്പെടുത്തിയ വേബ്രിഡ്ജ്ടിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/4.10.2023)2022-23 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധനക്ക് എൽ എസ് ജി ഡി വിഭാഗം പോയതിനാൽ സാക്ഷ്യപ്പെടുത്തൽ നടത്തുന്നതിന് സാധിച്ചില്ല എന്നും തൂക്കം പരിശോധിച്ച് മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത് എന്നുള്ള മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. ഭാവിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൂക്കം പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം സാക്ഷ്യപ്പെടുത്തി മാത്രമേ തുക അനുവദിക്കുന്നുള്ളൂ എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-39 ഉപയോഗിക്കാത്ത പൊതു ടാപ്പുകൾ ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

വാട്ടർ അതോറിറ്റിയുടെ കണക്കനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ ആകെ പൊതുടാപ്പുകളുടെ എണ്ണം 685

ആണ്. പൊതു ടാപ്പുകളുടെ എണ്ണം നിർണയിക്കുന്നതിന് 2021 ജൂലൈ മാസത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന പ്രകാരം ഗ്രാമപഞ്ചായത്തിൽ 413 പൊതു ടാപ്പുകളാണ് നിലവിലുള്ളത് എന്ന് നിർണയിച്ചിട്ടുണ്ട്.

ഭൂരിപക്ഷം വീടുകളിലും പൈപ്പ് കണക്ഷൻ എടുത്തതിനാൽ കുടിവെള്ള ആവശ്യത്തിന് ജനങ്ങൾ പൊതുടാപ്പുകൾ ഉപയോഗിക്കുന്നില്ല. ആകെയുള്ള 413 പൊതു ടാപ്പുകളിലെ 244 എണ്ണം വിച്ഛേദിക്കാൻ 12.11.2021 ൽ ഭരണസമിതി 3(5) നമ്പർ പ്രകാരം തീരുമാനമെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനായി (പ്രോജക്ട് നം. 8/23 പ്രകാരം) പൊതു ടാപ്പുകൾ കട്ടിംഗ് എന്ന പ്രോജക്ടിൽ 420000 രൂപ വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്യു(ചെക്ക് നം.859875/16.12.22). വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുകയും (കരാർ നം.6,തിയതി രേഖപ്പെടുത്തിയില്ല), കരാർ നിബന്ധന 3 പ്രകാരം ആറുമാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതുമായിരുന്നു.
വാട്ടർ അതോറിറ്റിയിൽ നിന്നും പൊതു ടാപ്പുകൾ ഇതിനോടകം ഒഴിവാക്കി നൽകിയിട്ടുണ്ടോ, പ്രവർത്തി പുരോഗതി സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരം എന്നീ കാര്യങ്ങൾ വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/6.10.2023)വിവിധ വാർഡുകളിൽ പൊതു ടാപ്പുകൾ കട്ട് ചെയ്യുന്ന പ്രവർത്തി കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.
സാമ്പത്തിക വർഷത്തിൽ പ്രതിമാസം 199204രൂപയാണ് പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഡിമാൻഡ് ആയി വാട്ടർ അതോറിറ്റി കണക്കാക്കി വന്നിരുന്നത്(413 എണ്ണത്തിന് പ്രതിമാസം 482.3 രൂപ എന്ന നിരക്കിൽ). എന്നാൽ 3/2023 മുതൽ പ്രസ്തുത ഡിമാൻഡ് 501072 രൂപയായി വർദ്ധിച്ച നിരക്കിലാണ് ഡിമാന്റ് ചെയ്ത് വരുന്നത്. ഡിമാൻഡ് 199204 രൂപയിൽ നിന്നും 501072 രൂപയാക്കിയത് കൃത്യമാണോ എന്ന് പരിശോധിക്കേണ്ടതും പുറമെ പൊതു ടാപ്പുകൾ കട്ട് ചെയ്യുന്ന പ്രവർത്തി എത്രയും വേഗത്തിൽ നടപ്പിലാക്കിയതിന് ശേഷം ആയതിന് അനുപാതികമായി മാത്രമേ വാട്ടർ ചാർജ് ഡിമാന്റ് ചെയ്യപ്പെടുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്- അധികം നൽകി

നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| |
|---|
| 1) പ്രോജക്ട് നം.122/23 (അങ്കണവാടി പോഷകാഹാരം- ജനറൽ)<br><br>അടങ്കൽ - 5288136/- (വികസനഫണ്ട്-ജനറൽ- 2288136, കേന്ദ്രഫണ്ട്- 2000000, ബ്ലോക്ക് വിഹിതം- 1000000)<br><br>ചെലവ്- 3924505/- (വികസനഫണ്ട്-ജനറൽ- 2285703, കേന്ദ്രഫണ്ട്- 1538802, ബ്ലോക്ക് വിഹിതം- 100000) |

2) പ്രോജക്ട് നം.123/23 (അങ്കണവാടി പോഷകാഹാരം- SCP)

അടങ്കൽ - 4289000/- (വികസനഫണ്ട്(SCP)- 3789000, കേന്ദ്രഫണ്ട്- 500000)

ചെലവ്- 1694097/- (വികസനഫണ്ട്(SCP))

അങ്കണവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി മാവേലി സ്റ്റോർ, കുടുംബശ്രീ എന്നിവ മുഖേന വാങ്ങുന്ന ഭക്ഷ്യസാധനങ്ങൾ പഞ്ചായത്തിനു കീഴിലുള്ള അങ്കണവാടികളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള വാഹനത്തിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കിലോഗ്രാമിന് 2.5/-രൂപ രേഖപ്പെടുത്തിയ ഏറ്റവും കുറവ് ക്വട്ടേഷനായ ഹരിത കുടുംബശ്രീ യൂണിറ്റിന്റെ ക്വട്ടേഷൻ 22.06.2022 തീയതിയിലെ 4(2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

1) വിവിധ ബില്ലുകൾ പ്രകാരം വാഹന വാടകയിനത്തിൽ നൽകിയ തുകയും സ്റ്റോക്കിലെടുത്ത ഭക്ഷണസാധനങ്ങളുടെ അളവും പരിശോധിച്ചതിൽ ഇറക്കിയ ഭക്ഷണസാധനങ്ങളേക്കാൾ കൂടുതൽ കിലോഗ്രാമിന് വാഹനവാടക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| Invoice No/ Date | സ്റ്റോക്കിലെടുത്തത് (കി.ഗ്രാം) | വാഹന വാടക അനുവദിച്ചത് (കി.ഗ്രാം) 2.5രൂപ നിരക്കിൽ | അധികം നൽകിയത് | ബിൽ നം |
|---|---|---|---|---|
| 761/22.02.2022 | 2267 | 3200 | 933X1.5=1400 (ഈ മാസം 1.5Kg ആണ് നിരക്ക്) | ചെക്ക് നം. 3364975/ 30.12.2022 |
| 808/28.05.22 | 3572 | 6004.5 | 2432.5X2.5=6081 | 10/13.12.22 |
| 833/30.07.22 | 2136.5 | 2713 | 576.5X2.5=1441 | 10/13.12.22 |
| 894/31.10.2022 | 2059 | 2064 | 5X 2.5 =12.5 | 16/09.01.2023 |
| 922/26.11.22 | 2074 | 2240 | 166 X 2.5 = 415 | 16/09.01.2023 |
| 923/26.11.22 | 1533 | 1592 | 59 X 2.5 = 147.5 | 16/09.01.2023 |
| 843/26.08.2022 | 2152.5 | 2313.5 | 161 X2.5 =402.5 | 10/13.12.22 |
| ആകെ | | | 9899.5 | |

2) ഇൻവോയ്സ് നം.746/04.02.22 പ്രകാരം 894/- കി.ഗ്രാം അമൃതം ന്യൂട്രിമിക്സിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി 1774/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിൽ 894/- കി.ഗ്രാം അമൃതം ന്യൂട്രിമിക്സിനുള്ള തുകയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ടി സാധനം സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്കിൽ ലഭ്യമല്ലാത്ത സാധനത്തിന് ട്രാൻപോർട്ടേഷൻ നൽകാവുന്നതല്ല. അവ ലഭ്യമായിട്ടുണ്ടെങ്കിൽ തന്നെ ട്രാൻപോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ യഥാർത്ഥത്തിൽ നൽകാവുന്നത് 894X1.5= 1341/- രൂപയാണ്. 433/- രൂപ അധികം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം നൽകിയിട്ടുണ്ട്.

അധികമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/06.10.2023) മറുപടി ലഭിച്ചിട്ടില്ല.

ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികമായി അനുവദിച്ച 10332.5/- രൂപ (9899.5+ 433/-) ഹരിത

കുടുംബശ്രീ യൂണിറ്റിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 26.9.2023 മുതൽ 6.10.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് | മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് | 6433571 | - | 0 | 6433571 |
| | 2022-23 | 1708000 | സമഗ്ര നെൽകൃഷി വികസനം | 1708000 | 0 |
| | | 400000 | പാലിന് ഇൻസന്റീവ് | 400000 | 0 |
| | | 384497 | പാലിയേറ്റീവ് കെയർ | 384497 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 175000 | ഭിന്നശേഷി സ്കോളർഷിപ്പ് | 175000 | 0 |
| | | 1960000 | ലൈഫ്- TSP | 1960000 | 0 |
| | | 1000000 | ലൈഫ്-ജനറൽ | 1000000 | 0 |
| | | 1730000 | ലൈഫ്-എസ്.സി | 1730000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 800000 | ലൈഫ്-സ്ഥലം വാങ്ങൽ-ജനറൽ | 800000 | 0 |
| | ആകെ | 14691068 | | 8257497 | 6433571 |
| ജില്ലാ പഞ്ചായത്ത് | മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് | 1875093 | - | 0 | 1875093 |
| | 2022-23 | 1969100 | സമഗ്ര നെൽകൃഷി വികസനം | 1969100 | 0 |
| | | 160000 | പാലിന് ഇൻസന്റീവ് | 160000 | 0 |
| | | 337800 | ഭിന്നശേഷി സ്കോളർഷിപ്പ് | 337800 | 0 |
| | | 1030000 | ലൈഫ്- TSP | 1030000 | 0 |
| | | 1680000 | ലൈഫ്-എസ്.സി | 1680000 | 0 |
| | ആകെ | 7051993 | | 5176900 | 1875093 |
| നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് | 2022-23 | 5000000 | ലൈഫ്- TSP | 5000000* | 0 |

* I-6 പ്രകാരം ചെലവ് 4800000/- രൂപയാണ്. ചെലവു പത്രിക പ്രകാരം ചെലവ് 5000000/- രൂപയാണ് (പ്രോജക്ട് നം-78/23- (ലൈഫ് ഭവന പദ്ധതി (TSP)- സ്പിൽ ഓവർ) ചെലവ്- 200000/- , പ്രോജക്ട് നം-142/23 (ലൈഫ് ഭവന പദ്ധതി (TSP)) ചെലവ്-4800000/-). 200000/- രൂപയുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | റിമാർക്സ് |
|---|---|---|---|---|
| KSEB | പ്രോജക്ട് നമ്പർ 1/23 തെരുവ് സ്ഥാപിക്കൽ സ്ട്രീറ്റ്മെന്റ് വലിക്കൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്, | XVFC/2022-23/P/40 തി.24.1.2023 -1349980 XVFC/2022-23 /P/44തി.4.2.2023 -74930 XVFC/2022-23/P/49 തി.20.2.2023 -74784 | 1499694 | പ്രവർത്തി പൂർത്തിയായിട്ടില്ല |

| | | | | |
|---|---|---|---|---|
| KWA | പ്രോജക്റ്റ് നമ്പർ 2/23<br>നെന്മാറ ഗ്രാമപഞ്ചായത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് | -XVFC/2022-23/P/39 തി.24.1.2023 | 3080100 | പ്രവർത്തി പൂർത്തിയായിട്ടില്ല |
| KWA | 8/23 - പൊതു ടാപ്പുകൾ കട്ടിംഗ് തനത് ഫണ്ട് | ചെക്ക് നം.859875/16.12.22 | 420000 | പ്രവർത്തി പൂർത്തിയായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 30870000 | 0 | 5353539 | - | 25516461 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 31238713 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 2042403 |
| ആകെ | 33281116 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 33281116 |

### സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ F.D രസീതികൾ പ്രകാരം താഴെ പറയുന്ന സ്ഥിരനിക്ഷേപങ്ങളാണുള്ളത്.

| ക്രമ | FD | ഡെപ്പോസിറ്റ് | ഡെപ്പോസിറ്റ് | ബാങ്ക് |
|---|---|---|---|---|

| നം. | രസീതി നം. | തിയതി | | |
|---|---|---|---|---|
| 1 | 31404 | 05/01/2023 | 163379 | |
| 2 | 31405 | 05/01/2023 | 163379 | |
| 3 | 31406 | 05/01/2023 | 163379 | |
| 4 | 31407 | 05/01/2023 | 163379 | |
| 5 | 31408 | 05/01/2023 | 163379 | |
| 6 | 31409 | 05/01/2023 | 163379 | |
| 7 | 31410 | 05/01/2023 | 163379 | |
| 8 | 31411 | 05/01/2023 | 163379 | |
| 9 | 31412 | 05/01/2023 | 163379 | |
| 10 | 31413 | 05/01/2023 | 163379 | |
| 11 | 31414 | 05/01/2023 | 163379 | |
| 12 | 31415 | 05/01/2023 | 163379 | |
| 13 | 31416 | 05/01/2023 | 163379 | |
| 14 | 31417 | 05/01/2023 | 163379 | |
| 15 | 31418 | 05/01/2023 | 163379 | |
| 16 | 31419 | 05/01/2023 | 163379 | |
| 17 | 31420 | 05/01/2023 | 163379 | |
| 18 | 31421 | 05/01/2023 | 163379 | വല്ലങ്ങി - വിത്തനശ്ശേരി സഹകരണബാങ്ക് |
| 19 | 31422 | 05/01/2023 | 163379 | |
| 20 | 31423 | 05/01/2023 | 19783 | |
| 21 | 37150 | 29/10/2022 | 177982 | |
| 22 | 37151 | 29/10/2022 | 177982 | |
| 23 | 37152 | 29/10/2022 | 177982 | |
| 24 | 37153 | 29/10/2022 | 177982 | |
| 25 | 37154 | 29/10/2022 | 177982 | |
| 26 | 37155 | 29/10/2022 | 98880 | |
| 27 | 32843 | 11/10/2022 | 5795623 | |
| 28 | 34287 | 05/01/2023 | 12818877 | |
| 29 | 31367 | 28/12/2022 | 162987 | |
| 30 | 31368 | 28/12/2022 | 162987 | |
| 31 | 31369 | 28/12/2022 | 162987 | |
| 32 | 31370 | 28/12/2022 | 81494 | |
| 33 | 32891 | 16/10/2022 | 1012754 | |
| 34 | 48531 | 23/06/2022 | 805179 | |
| 35 | 008910 | 28/02/2022 | 4448458 | യൂണിയൻബാങ്ക് |
| 36 | 008982 | 01/07/22 | 723166 | |

| | | | | |
|---|---|---|---|---|
| 37 | 008908 | 02/11/2022 | 2993830 | |
| ആകെ | | | 33281116 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നം / തിയ്യതി |
|---|---|---|---|---|
| 99-2000 | 3-17(11) | 9542 | കൃഷ്ണൻകുട്ടി | 1220107407/3.12.22 |
| 2019-20 | | 7063 | റംലത്ത്, ഹെഡ് മിസ്ട്രസ്സ് | 1220101431/1.6.22 |
| 2017-18 | 3-2 | 3000 | ഗോപകുമാർ, അസി.എഞ്ചിനിയർ | 1220102431/16.7.22 |
| 2017-18 | 3-1 | 4453 | ഗോപകുമാർ, അസി.എഞ്ചിനിയർ | 1220102432/16.7.22 |
| 2018-19 | 1-43 | 12000 | രമേഷ്, അസി.എഞ്ചിനിയർ | 1220102488/21.7.22 |
| 2017-18 | 3-2(3) | 2700 | ഗോപകുമാർ, അസി.എഞ്ചിനിയർ | 1220102944/ 16.8.22 |
| 2020-21 | 1-27(4) | 13104 | ഷബീന, അസി.എഞ്ചിനിയർ | 1220102945/16.8.22 |
| 2015-16 | 2-4 | 2500 | ഇ.ഷാജഹാൻ, സെക്രട്ടറി | 1220103151/25.8.22 |
| 2016-17 | 2-3 | 576 | ഇ.ഷാജഹാൻ, സെക്രട്ടറി | 1220103158/25.8.22 |
| 2011-12 | 3-9 | 1000 | വി.ലക്ഷ്മിക്കുട്ടി, പ്രസിഡണ്ട് | 1220103213/29.8.22 |
| 2007-08 | 3-1 | 715 | സി.രാമൻ, എഫ്.റ്റി.എസ്. | 1220103349/2.9.22 |
| 2007-08 | 3-1 | 390 | കെ.നാരായണൻ, പ്യൂൺ | 1220103350/2.9.22 |
| 2003-04 | 3-4 | 1196 | സെക്രട്ടറി | 1220103352/2.9.22 |
| 2016-17 | 2-3(c)(3) | 8968 | ഇ.ഷാജഹാൻ, സെക്രട്ടറി | 1220103444/12.9.22 |
| 2011-12 | 3-9 | 1000 | എ.മോഹനൻ, മെമ്പർ | 1220103595/16.9.22 |
| 2004-05 | 3-6 | 360 | ലീലാമണി, ആയ കുഞ്ഞുമുരുകൻ, പി.ടി.എസ്. സഹീദ, ടീച്ചർ | 1220104303/19.10.22 |

| | | | | |
|---|---|---|---|---|
| | | | ശകുന്തള | |
| | ആകെ | 68567 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 5.4.9 | ചെലവഴിക്കാത്ത പദ്ധതിപ്പണം തിരിച്ചടയ്ക്കുന്നില്ല | സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനാവലോകന റിപ്പോർട്ട് | - | 2014-15 | 5.7.2 | മൃഗസംരക്ഷണ മേഖല- ക്ഷീര വികസനമേഖല | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നം / തിയ്യതി |
|---|---|---|---|---|
| 99-2000 | 3-17 (11) | 9542 | എൻ.കൃഷ്ണൻകുട്ടി | 1220107407/3.12.22 |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,71,02,599 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,78,37,394 |
| ആകെ | 7,49,39,993 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,89,53,103 |
| നീക്കിയിരിപ്പ് | 1,59,86,890 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10332.5 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2050597 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 10332.5 | ശ്രീമതി.റൂബി സേവ്യർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | | 10332.5 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 20404 | ശ്രീ.ഫാസിൽ.പി.എ. ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-22 | 960225 | ശ്രീ.ഷാജി.ജെ സെക്രട്ടറി |
| 1-25 | 994250 | ശ്രീ.രമേഷ് കുമാർ.എം. അസി.സെക്രട്ടറി |
| 1-30 | 24558 | ശ്രീമതി.റൂബി സേവ്യർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | 51160 | ഡോ.ജയന്ത്.വി.ആർ. സൂപ്രണ്ട്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., നെന്മാറ |
| ആകെ | 2050597 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി.ജെ സെക്രട്ടറി | പുതുക്കോട് ഗ്രാമപഞ്ചായത്ത് | ആല്ലംപെട്ടി, ചിതലി, കുഴൽമന്ദം Pin-678702 |
| ശ്രീ.ഫാസിൽ.പി.എ. ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ ഓഫീസ് നെന്മാറ ഗ്രാമപഞ്ചായത്ത് | പുളിക്കൽ പറമ്പിൽ ഹൗസ്, പരപ്പാടി, വണ്ടാഴി. |
| ശ്രീമതി.റൂബി സേവ്യർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പല്ലശ്ശന ഗ്രാമപഞ്ചായത്ത് | കവലക്കാട്ട് ഹൗസ്, കൂട്ടാല(പി.ഒ), കന്നംപുള്ളി, പാലക്കാട്-678681 |
| ഡോ.ജയന്ത്.വി.ആർ., സൂപ്രണ്ട് | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, | നീലിച്ചിറ, ചിറ്റിലഞ്ചേരി, |

| | | |
|---|---|---|
| | നെന്മാറ | ചിറ്റിലഞ്ചേരി പി.ഒ., പാലക്കാട്- 678704 |
| ശ്രീ.രമേഷ് കുമാർ.എം., അസി.സെക്രട്ടറി | അകത്തേത്തറ ഗ്രാമപഞ്ചായത്ത് | മുതുകാട് ഹൗസ്, കിണാശ്ശേരി- 678707, പാലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.10-486/01/12-6-2001 | 4 |
| 1997-98 | എൽ.എഫ്.പി.10-825/02/6-2-2003 | 6 |
| 1998-99 | എൽ.എഫ്.പി.10-825/02/6-2-2003 | 9 |
| 1999-2000 | എൽ.എഫ്.പി.12-242/09/8-5-2010 | 11 |
| 2000-01 | എൽ.എഫ്.പി.12-202/09/6-5-2010 | 8 |
| 2001-02 | എൽ.എഫ്.പി.12-247/09/6-5-2010 | 12 |
| 2002-03 | എൽ.എഫ്.പി.12-986/06/5-4-2008 | 7 |
| 2003-04 | എൽ.എഫ്.പി.12-987/05/7-2-2006 | 5 |
| 2004-05 | എൽ.എഫ്.പി.12-39/09/5-1-2010 | 13 |
| 2005-06 | എൽ.എഫ്.പി.11-239/10/ 4-1-2011 | 8 |
| 2006-07<br>2007-08<br>2008-09 | എൽ.എഫ്.പി.18-895/11/27-10-2011 | 10 |
| 2009-10<br>2010-11 | എൽ.എഫ്.പി.18-2191/12/6-5-2013 | 4 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.പി.18-46/14/2-4-2014 | 11 |
| 2012-13 | എൽ.എഫ്.പി.18-643/15/24.8.15 | 11 |
| 2013-14<br>2014-15 | കെ.എസ്.എ.പികെഡി18/1416/<br>16/9.8.2016 | 11 |
| 2015-16 | കെ.എസ്.എ-പികെഡി18/227/<br>16/8.2.2017 | 10 |
| 2016-17 | കെ.എസ്.എ-പികെഡി18/1589<br>/17/23.8.2017 | 27 |
| 2017-18 | കെ.എസ്.എ-പികെഡി18/262/<br>2019/26-04-2019 | 38 |
| 2018-19 | കെ.എസ്.എ-പികെ.ഡി18/201/<br>2020/12-5-20 | 42 |
| 2019-20 | കെ.എസ്.എ-പികെ.ഡി18/1249/<br>2022/13-07-2022 | 15 |
| 2020-21 | കെ.എസ്.എ-പികെ.ഡി18/1251/<br>2022/13-07-2022 | 24 |
| 2021-22 | കെ.എസ്.എ-പികെ.ഡി18/1251/<br>2022/13-07-2022 | എല്ലാ<br>ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 11-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nemmara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nemmara Grama Panchayat for the year 2022-2023

Date: 28/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Nemmara Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1.Monthly reconciliation not done.

2. Verification of PFMS Amount credited to beneficiary account not done.

3. Time barred cheques not taken to stale cheque Account

4. Deposit & Advance register not updated.

5. Interest for the period 2023-24 wrongly taken in to NREGS balance in current year

6. The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

Notes to accounts

7. Lapses in making timely and accurate demand entries in respect of tax (eg. building tax)

8. As per cash flow statement "Net increase/decrease in cash and cash equivalents of 2022-23 is Rs. (-) 1115709. But in the same statement "Net cash generated by Operating+Investing+Financing Activity is shown as Rs. 17517202.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex-3

## വരവ് ചലവ് പത്രിക-സംക്ഷിപ്തം

| Nemmara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16588402.00 |
| Cash | Cash | RP-40(a) | 514197.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3673320.00 |
| 130000000 | Rental income from Panchayat Properties | RP-3 | 78227.00 |
| 140000000 | Fees & User Charges | RP-4 | 2859715.00 |
| 150000000 | Sale & Hire Charges | RP-5 | 181109.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18295000.00 |
| 190000000 | Prior Period Income | RP-11 | 362100.00 |
| 210000000 | Establishment Expenses | RP-12 | 5728.00 |
| 220000000 | Administrative Expenses | RP-13 | 26.00 |
| 311000000 | Earmarked Funds | RP-28 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14676226.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14351419.00 |
| 460000000 | Loans, Advances and Deposits | RP-49 | 106784.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 93492.00 |
| 340000000 | Deposits Received | RP-33 | 471345.00 |
| 350000000 | Other Liabilities | RP-35 | 2682903.00 |
| | Grand total | | 74939993.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 41500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 23.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12327039.00 |
| 460000000 | Loans, Advances and | RP-49 | 293797.00 |

| | | | |
|---|---|---|---|
| | Deposits | | |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 46100.00 |
| 350000000 | Other Liabilities | RP-35 | 46244644.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 15643624.00 |
| Cash | Cash | RP-40(b) | 343266.00 |
| | Grand Total | | 74939993.00 |

| Nemmara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11477350.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4541159.00 |
| 140000000 | Fee & User Charges | I-4 | 3480375.00 |
| 150000000 | Sale & Hire Charges | I-5 | 181109.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 199888994.00 |
| 170000000 | Income from Investments | I-7 | 2042403.00 |
| 171000000 | Interest Earned | I-8 | 0.0 |
| 180000000 | Other Income | I-9 | 93492.00 |
| 190000000 | Prior Period Income | I-19 | 821543.00 |
| | Total Income | | 221704882.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 18152739.00 |
| 220000000 | Administrative Expenses | I-11 | 1995391.00 |
| 230000000 | Operations & Maintenance | I-12 | 9310842.00 |
| 240000000 | Interest & Finance Charges | I-13 | 1905.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12306313.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 54649380.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11347241.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 37250743.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 71555400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 500019.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 217069973.00 |
| | Gross Surplus / Deficit of income over Expenditure | | 4634909.00 |
| | Gross Surplus / Deficit of income over Expenditure | | 5413952.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 42500.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 779043.00 |

| Nemmara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4820625.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 151138947.00 |
| | Total Reserve & Surplus | | 155959572.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17204584.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 17204584.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 25516461.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 25516461.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 51369980.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5979211.90 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 57349191.90 |
| | TOTAL LIABILITIES | | 256029809.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 395406.00 |
| 412000000 | Capital Work in Progress | B-11(b) | 1361804.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 10672030.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19199113.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 134011857.00 |
| 416000000 | Accumulated Depreciation | B-11(a) | -790840.00 |
| | Total Fixed Assets | | 164849370.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 33281116.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 33281116.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13383458.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 25516461.00 |
| 450000000 | Cash and Bank Balance | B-17 | 15986890.00 |
| 460000000 | Loans, Advances and Deposits | B-18 | 3012514.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 57899323.00 |

| | | | |
|---|---|---|---|
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 256029809.00 |

ഡെപ്യൂട്ടി ഡയറക്ടർ